K. A. Abbas

The gooD Boatm

ലൈലാമജ്നു

1408
3978

ശ്രീ

(Malayalam)

Laila Majnu

Novel

By MALLOOR RAMAKRISHNAN

First Published June 1959
Reprinted June 1961

Printed at
INDIA PRESS, KOTTAYAM

Price Rs. 0.60

Rights Reserved

Publishers:

Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State

Sales Department:

NATIONAL BOOKSTALL

Kottayam Kerala State India

ലൈലാമജ്നു

നിസാമി

മള്ളൂർ രാമകൃഷ്ണൻ

3978

പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം
വില ക. 0.60

S1216 B629 116/60-61 2-2000 CRB159

“അവളുടെ ശവകുടീരത്തിൽ അഴകും നിഴലും വിരിച്ച സിപ്രസ് മരങ്ങളോടു് ഇളംതെന്നൽ ആ പ്രേമകഥ മന്ത്രിക്കുമ്പോൾ, തൂവൊളി തൂവുന്ന വാസന്തനക്ഷത്രങ്ങൾ ഇങ്ങനെ പറയാനെന്നപോലെ താഴേക്കു നോക്കാറുണ്ടു്:

“‘ലൈല മരിച്ചിട്ടില്ല. അവൾ ഞങ്ങളോടൊപ്പം പിറന്നു. അവൾ ഞങ്ങളുടെ അടുത്തേക്കു മടങ്ങിപ്പോന്നു. മേല്പോട്ടു നോക്കൂ; മേല്പോട്ടു നോക്കൂ. ലൈലയിരിക്കുന്നിടത്തു പ്രകാശമുണ്ടു്. ലൈലയിരിക്കുന്നിടത്തു് സൗന്ദര്യമുണ്ടു്.’”

ലൈലാമജ്നൂ

ഇതു് ലൈലയുടെയും മജ്നുവിന്റെയും കരയിപ്പിക്കുന്ന കഥയാണു്. അനശ്വരപ്രേമത്തിന്റെ സ്വൎഗ്ഗീയ കവാടത്തിൽ ത്യാഗത്തിന്റെ കൈത്തിരികൾ കൊളുത്തിവച്ച രണ്ടു കരുന്നുഹൃദയങ്ങളുടെ വേദന വിതുമ്പുന്ന കഥയാണിതു്. തീവെയിലേററുരുകി മിന്നുങ്ങുന്ന മരുഭൂമിയുടെ മടിത്തട്ടിൽനിന്നു് മരണത്തിന്റെ അദൃശ്യമേഖലകളിലേക്കുയൎന്നുചെന്നു്, പ്രണയനിൎവൃതി നേടിയ രണ്ടിണപ്രാവുകളുടെ അവിസ്മരണീയവും ഹൃദയസ്പൎശിയുമായ നീണ്ട കഥ.

നൂററാണ്ടുകൾക്കു മുമ്പു് പേർഷ്യൻസംസ്കാരത്തിന്റെ ഓമനമകനായ നിസാമി — അതെ, വിശ്വവിഖ്യാതനായ ആ മഹാകവി—ഹൃദയരക്തത്തിൽ മുക്കിയ തൂലികകൊണ്ടു് ഈ പ്രേമകാവ്യം വിരചിച്ചു.

അന്തിനക്ഷത്രങ്ങൾ ചെമ്പകപ്പൂക്കൾ വിതറിയ നീലവാനിനു കീഴിൽ പരിമളം തുളുമ്പുന്ന ഇളംകാറേററിക്കിളികൊള്ളുന്ന ഈന്തപ്പനകളുടെ ചുവട്ടിലിരുന്നു് അനന്തമായ ചക്രവാളത്തിലേക്കു കണ്ണയച്ചുകൊണ്ടു് ആ ഗാനഗന്ധൎവ്വൻ ഇങ്ങനെ പാടി:

"ലൈലയെന്നൊരുവളുണ്ടായിരുന്നു. അവൾ രാത്രിയിൽപ്പോലും തിളങ്ങി പ്രകാശിക്കുന്ന പവിഴമായിരുന്നു. അവൾ മനോഹരിയായിരുന്നു—ചക്രവാളസീമയിൽ

മയങ്ങിക്കിടക്കുന്ന ചന്ദ്രലേഖപോലെ! പാതിരാക്കാറ്റുമ്മ വയ്ക്കുമ്പോൾ നൃത്തമാടുകയും നക്ഷത്രങ്ങൾ ചൊരിയുന്ന ശീതളരശ്മികൾവീണു പ്രശോഭിക്കുകയും ചെയ്യുന്ന സിപ്രസ്മരംപോലെ അവൾ ആരെയും വശീകരിക്കുമായിരുന്നു. ആ കണ്ണുകളിൽ സമുദ്രത്തിൻെറ അഗാധനീലിമ പരന്നിരുന്നു. ആ പുഞ്ചിരിയും അധരരേഖയും അരുണവർണ്ണം പുരണ്ട പുലരിയുടെ പ്രതീതി ജനിപ്പിച്ചിരുന്നു. അവൾ അനുരാഗവികാരത്താൽ വിവശയായിത്തീൎന്നപ്പോൾ, (അതെപ്പോഴും അതിന്റെ കലവറയിൽ സങ്കടം ഒളിച്ചുവച്ചിരിക്കുമല്ലോ!) കാമുകന്റെ വിരിമാറിടത്തിൽ ചേൎത്തു ഞെരിച്ചു തകൎക്കുവാൻവേണ്ടി, സ്വൎഗ്ഗലോകത്തുനിന്നും അടൎത്തിയെടുത്ത ഒരു പനിനീർപുഷ്പംപോലെ അവൾ പരിലസിച്ചു; അതെ, വാടിത്തളൎന്നു കൊഴിഞ്ഞുവീണു നശിക്കുവാനുള്ള ഒരു ചെമ്പനിനീർപുഷ്പം പോലെ!"

രാത്രിയുടെ മണിയറയിൽനിന്നും വിസ്മയജനകമായ സൗന്ദൎയ്യത്തോടുകൂടി അവൾ വന്നു. വെളിച്ചത്തിലേക്കവൾ മടങ്ങിപ്പോവുകയും ചെയ്തു.

അവളുടെ ശവകുടീരത്തിൽ അഴകും നിഴലും വിരിച്ച സിപ്രസ്മരങ്ങളോട് ഇളംകാററു് ആ പ്രേമകഥ മന്ത്രിക്കുമ്പോൾ, തുവെളി തൂവുന്ന വാസന്തനക്ഷത്രങ്ങൾ ഇങ്ങനെ പറയാനെന്നപോലെ താഴേക്കു നോക്കാറുണ്ടു്:

"ലൈല മരിച്ചിട്ടില്ല. അവൾ ഞങ്ങളോടൊപ്പം പിറന്നു. അവൾ ഞങ്ങളുടെ അടുത്തേക്കു മടങ്ങിപ്പോന്നു. മേല്പോട്ടു നോക്കൂ; മേല്പോട്ടു നോക്കൂ. ലൈലയിരിക്കുന്നിടത്തു രാത്രിയിൽ പ്രകാശമുണ്ടു്. ലൈലയിരിക്കുന്നിടത്തു സൗന്ദൎയ്യമുണ്ടു്."

ചന്ദ്രൻ ഉദിക്കുമ്പോൾ, എല്ലാ നദികളിലും

അതിന്റെ പ്രതിബിംബങ്ങൾ കാണുന്നു. അതുപോലെ ലൈലയുടെ സൗന്ദര്യം എല്ലാ ഹൃദയങ്ങളിലും പ്രേമവികാരങ്ങൾ പാകിയിരുന്നു.

അവളുടെ അച്ഛൻ ഒരു വലിയ ഭരണാധികാരിയായിരുന്നു. അയൽനാടുകളിലെ സമ്പന്നരായ രാജകുമാരന്മാർപോലും ലൈലയുടെ വിശ്വവിഖ്യാതമായ സൗന്ദര്യത്തിൽ ആകൃഷ്ടരായി അയാളെച്ചെന്നു കണ്ടു. പക്ഷേ, അവർക്കാർക്കും തന്നെ അവളുടെ ഹൃദയത്തെ കീഴടക്കുവാൻ കഴിഞ്ഞില്ല. സമ്പത്തിനും രാജകീയമായ ആഡംബരങ്ങൾക്കും അതവകാശപ്പെടാൻ ഭാഗ്യമുണ്ടായില്ല. അതു സമർപ്പിക്കപ്പെട്ടുപോയി. യുവാവും യെമാനിലെ ശക്തനായ ഭരണത്തലവന്റെ പുത്രനുമായ കയസ്സിന് ആ ഹൃദയം പരിപൂർണ്ണമായി നൽകപ്പെട്ടുപോയി.

ലൈലയുടെ പിതാവും യെമാനിലെ വലിയ ഭരണാധികാരിയുംതമ്മിൽ സൗഹാർദ്ദത്തിലല്ലായിരുന്നു. പഴക്കമേറിയ സമരത്തിന്റെ വഴിത്താരമാത്രമാണവരെ ബന്ധിച്ചിരുന്നതു്. അവരുടെ മുൻഗാമികളുടെ കാലം മുതൽ അവർ അന്യോന്യം പടവെട്ടിയിരുന്നു. രണ്ടുകൂട്ടരും ചില ആഘോഷവേളകളിൽ കണ്ടുമുട്ടാറുണ്ടായിരുന്നു. യഥാർത്ഥം പറഞ്ഞാൽ, അവർ അഭിവാദനംചെയ്യുമ്പോൾപ്പോലും അവരുടെ കണ്ണുകളിൽ വിദ്വേഷം നിഴലിച്ചിരുന്നു. എപ്പോഴും? എപ്പോഴുമില്ല! ഒരിക്കൽമാത്രമങ്ങനെയുണ്ടായില്ല,—ഒരാഘോഷദിവസം കയസ്സ് ആദ്യമായി ലൈലയെക്കണ്ടപ്പോൾ! അവരുടെ മിഴികൾ തമ്മിലിടഞ്ഞു. ഒരു വാക്കും പറഞ്ഞില്ല. എങ്കിലും പ്രഥമദർശനത്തിൽത്തന്നെ പ്രണയം അലതല്ലിയുയർന്നു.

അന്നുമുതൽ കയസ്സ് ഒരു വ്യത്യസ്തനായ യുവാവായി മാറി. നായാട്ടിലുള്ള പ്രതിപത്തി നശിച്ചു. വിരുന്നു

സല്ക്കാരങ്ങളിലും, സഭാതലത്തിലും അവൻെറ ഭാഷ മൂകമായി. ഒരുവിചിത്രമായ വെളിച്ചം കണ്ണുകളിൽ പടൎന്നു. അവൻ അകന്നുമാറി ഏകനായിരിക്കും. സ്നേഹിതന്മാൎക്കു പോലും അവനെ വ്യായാമങ്ങളിലേയ്ക്കാകർഷിക്കുവാൻ കഴിഞ്ഞില്ല. അവൻെറ ഹൃദയം മറെറാരു വീട്ടിലായിരുന്നു. ആ ഭവനം ലൈലയുടേതും!

എന്നാൽ ലൈല! താഴോട്ടു പതിച്ച കണ്ണുകളുമായി, തോഴിമാരുടെനടുവിൽഅവൾനിശ്ശബ്ദയായികുത്തിയിരിക്കും. അവിവാഹിതയായ ഒരു യുവതി അന്നൊരിക്കൽ മണിവീണ കൈയിലെടുത്തു തന്ത്രികൾമീട്ടിപാടുകയുണ്ടായി. പ്രേമലോലരായ യുവതീയുവാക്കന്മാർ വെള്ളിനിലാവിൽ സമ്മേളിക്കുന്ന വനതലത്തിലെ ജലപ്രസരണിയെക്കുറിച്ചുള്ള ഒരു മനോഹര ഗാനം! ആ പാട്ട് ലൈല അവളെക്കൊണ്ടു വീണ്ടും പാടിപ്പിച്ചു. ഒരു തവണയല്ല; ആയിരം പ്രാവശ്യം. അതിൽപ്പിന്നീട്, സന്ധ്യാകാലങ്ങളിൽ, സൂൎയ്യനസ്തമിക്കുമ്പോൾ, അവൾ പിതാവിൻെറ കൊട്ടാരത്തിനു ചുററുമുള്ള ഉപവനങ്ങളിൽ പരിചാരികമാരാരുമറിയാതെ സഞ്ചരിക്കുക പതിവാക്കി. അങ്ങനെ അവൾ വിഹരിച്ചു. ക്രമേണ ആ വിഹാരവലയം വികസിച്ചു. ഒരു രാത്രി! ചന്ദ്രൻ അതിഭംഗിയായി പ്രകാശിച്ചിരുന്നു. അവൾ ഉദ്യാനവും അങ്ങകലെയുള്ള ചെറിയകാട്ടും തമ്മിലലിഞ്ഞുചേരുന്ന അതിൎത്തിരേഖവരെ ചെന്നു. അതിനങ്ങേപ്പുറം നീലനിലാവെളിച്ചം അലതല്ലുകയാണ്. മരങ്ങളുടെയിടയിലൂടെ അവൾ ഒളിഞ്ഞുനോക്കി. അവിടെ വിശാലസുന്ദരമായ ഒരു സ്ഥലത്ത്, ചന്ദ്രരശ്മികൾ ഒഴുകിയിറങ്ങി വീഴുന്നിടത്ത്, വെട്ടിത്തിളങ്ങുന്ന ഒരു ജലപ്രസരണി അവൾ കണ്ടു. അവളുടെ പ്രിയപ്പെട്ട തോഴി, വീണക്കമ്പികളിൽ

വിരലോടിച്ചു പാടിയ ആ അനശ്വരമായ ഗാനം കരളിൽ മുഴങ്ങിനിന്നു.

ഭൂതകാലത്തിന്റെ അനന്തതമുതൽതന്നെ കാമുകീകാമുകന്മാർ സമ്മേളിച്ചിരുന്ന സ്ഥലമാണതു്. അവിടെ അവർ എത്രയെത്ര പ്രതിജ്ഞകൾ നടത്തി. ആ ചിന്ത അവളുടെ ഹൃദയത്തിൽ മിന്നൽപ്പിണരുകൾ പായിച്ചു. അതു കാണുവാനവൾ എത്രമാത്രമലഞ്ഞു? അവളുടെ കവിൾത്തടങ്ങൾക്കു ചൂടുപിടിച്ചു. ഹൃദയം ശക്തിയായിമിടിച്ചു. അവൾ കൊട്ടാരത്തിലേയ്ക്കു് ഓടി; നാണംകൊണ്ടവളോടി.

സുൽത്താന്റെ മണിയറപോലെ സുഖസമ്പൂർണ്ണമായ കൊട്ടാരത്തിലെ കിടപ്പുമുറിയിൽ അവൾ ഒരു ജനലിൽ ചാരിയിരുന്നു. മരത്തലപ്പുകൾക്കു മുകളിലേയ്ക്കവളുടെ നീലക്കണ്ണുകൾ പാഞ്ഞു. അവിടെ ഭംഗിയേറിയ രണ്ടുപ്രാവുകളുണ്ടു്. അവളുടെ ദീർഘകാലസുഹൃത്തുക്കളാണാ പക്ഷികൾ. അവ ലൈലയുടെ ചുമലിൽ ചേക്കയിരിക്കും. 'ക്രു ക്രു ക്രു' എന്നു ചിലച്ചുകൊണ്ടു് അവളുടെ കവിൾത്തടത്തിൽ ചുണ്ടുകളുരയ്ക്കും. 'ക്രു ക്രു ക്രു' എന്നുരുവിട്ടുകൊണ്ടു് അവളുടെ തോളിൽ കൊത്തുകയും, ഉരുമ്മുകയും ചെയ്യും. അവളുടെ കൈത്തലത്തിൽ വന്നിരുന്നു് ആഹാർപദാത്ഥങ്ങൾ കൊത്തിത്തിന്നുവാനും അവയ്ക്കു ഭയമില്ല. അവൾ വിളിക്കുമ്പോൾ പറന്നെത്തും. അവൾ ഒന്നിനെയെടുത്തു മാറോടൊതുക്കിപ്പിടിക്കും. മറ്റൊന്നിനെ ജനലിലൂടെ എടുത്തെറിയും. അടുത്തുള്ള ഒരു മരത്തിലേക്കതു പറന്നുചെല്ലണമെന്നാണവൾ ഉദ്ദേശിക്കുന്നതു്. അവളുടെ മനോഗതി മനസ്സിലാക്കിത്തന്നെ ആ പക്ഷി പ്രവർത്തിക്കുകയും ചെയ്യും. ലൈല മറ്റേ പക്ഷിയുടെ ചിറകുകൾ തലോടി താലോലിക്കും. മോചനം കിട്ടു

ന്നതുവരെ അതവിടെയിരുന്നു കുറുകിവിളിക്കും. ആ പ്രാവ് അതിന്റെ ഇഷ്ടതോഴന്റെയടുക്കലേയ്ക്കു് ആവേശപൂർവ്വം പറന്നടുക്കുന്നതു കണ്ടു ലൈല നെടുവീർപ്പിടും.

അവൾ പറയും: "കാമുകിക്കു ചിറകുകളുണ്ടെങ്കിൽ സ്നേഹിക്കപ്പെടുന്നിടത്തേയ്ക്കു് അവൾ അതിവേഗം പറന്നടുക്കുന്നു. കഷ്ടം! എനിക്കു ചിറകുകളില്ലല്ലൊ." അവൾ ദിവസവും കടന്നുപോരുന്ന അനുഭവങ്ങളാണിതൊക്കെ.

എന്നാൽ ഒരു പ്രാവിന്റെ ചിറകുകളിലാണു് അവളുടെ കാമുകൻ വികാരം തുളുമ്പിനില്ക്കുന്ന ഒരു സന്ദേശം ആദ്യമായി അവൾക്കയച്ചുകൊടുത്തതു്. അവൾ ആനന്ദിച്ചു. പരിഭ്രമിക്കുകയും ചെയ്തു. ഒടുവിൽ പ്രണയലോലരുടെ സമ്മേളനസ്ഥലത്തേയ്ക്കു് അവളുടെ മൃദുലപാദങ്ങൾ നീങ്ങി.

ഇനി കയസ്സിന്റെ കഥയിലേയ്ക്കു കടക്കാം. അവൻ ഏകാന്തചിന്തകളുടെ മേഖലയിൽ തീർത്ഥാടനം നടത്തുകയായിരുന്നു. സ്വർഗ്ഗീയസ്വപ്നങ്ങളെ അവന്റെ ഹൃദയം ചുംബിച്ചുണർത്തി. അങ്ങനെ പ്രണയവിവശനായി കഴിഞ്ഞുവന്ന അവന്റെ സ്മരണമണ്ഡലത്തിൽ ഒരു കഥയുയർന്നുനിന്നു. ലൈലയ്ക്കു രണ്ടോമനപ്രാവുകളുണ്ടെന്നവൻ ഓർമ്മിച്ചു. ആ വിവരം എല്ലാവർക്കുമറിയാം. അവൻ ആലോചിച്ചുനോക്കി. കിടക്കയിൽ കൈമുട്ടുകളൂന്നി അവനെഴുന്നേററിരുന്നു. എന്നിട്ടു് സ്വഗതമായി പറഞ്ഞു:

"ഞാനവളുടെ പിതാവിനെ ചെന്നുകണ്ടു്, മകളെ വിവാഹം കഴിച്ചുതരണമെന്നാവശ്യപ്പെട്ടാൽ അയാളതെങ്ങനെ നേരിടും? ഞാനൊരു ദൂതനെ അയച്ചാൽ അയാൾ എങ്ങനെയാണവനെ സ്വീകരിക്കുന്നതു്?" തൃപ്തികരമായ മറുപടികൾ അവന്റെ ചോദ്യങ്ങൾക്കു ലഭിച്ചില്ല. അവൻ വീണ്ടും പറഞ്ഞു: "എന്നാൽ ആ പ്രാവുകൾ!

അവ അവളുടെ കൊട്ടാരത്തിന്റെ ജന്നലിൽ പറന്നിരിക്കും. അവളുടെ മാറിൽ പറ്റിപ്പിടിച്ചുറങ്ങും. ആ കഥകളെല്ലാം ശരിയാണെങ്കിൽ...എങ്കിൽ!" ആനന്ദത്തിന്റെ കുഞ്ഞലകളുയൻ് അവൻെറ കരളിൽ ഇക്കിളികൂട്ടി.

പ്രാവുകളെക്കുറിച്ചുള്ള ചിന്തകളോടെ അവൻ സെയ്ദിനെ വിളിച്ചു. സെയ്ദ് അവൻെറ പരിചാരകനാണ്. യജമാനനെ വളരെയധികം സ്നേഹിച്ചിരുന്ന അയാൾ വേഗത്തിലവിടെയെത്തി.

"സെയ്ദേ! നിനക്കറിയാമല്ലോ, ബസറായിലെ വലിയ ഭരണാധികാരിയുടെ കൊട്ടാരത്തിൽ വെളുത്ത രണ്ടു പ്രാവുകളുണ്ടെന്നും, അവയിലൊന്നു യജമാനത്തിയുടെ വിളികേട്ടാലുടനെ ചെല്ലുമെന്നും, അതിന്റെ ഇണയെ മോചിപ്പിക്കുന്നതുവരെ കുകിക്കുകി പറന്നുനടക്കുമെന്നും?" കയസ്സ് ചോദിച്ചു.

"എനിക്കതൊക്കെ നല്ലപോലെയറിയാം എൻ്റമാനെ! അതിണങ്ങിയ പക്ഷികളാ. അവ യേമാനത്തിയുടെ കൈയിലിരിക്കും." സെയ്ദ് മറുപടി പറഞ്ഞു.

"അവ നിൻെറ കൈയിൽ വരുമോ? നീയൊന്നാലോചിച്ചുനോക്കു." കയസ്സ് ആകാംക്ഷയോടുകൂടി പറഞ്ഞു.

കയസ്സിന്റെ വിശ്വാസംനേടിയ സെയ്ദിന് അവനെ ശല്യപ്പെടുത്തുന്ന ഹൃദയവേദനയെന്താണെന്നറിയാൻ കഴിഞ്ഞു. അയാൾ മറെറാരു ചോദ്യംകൊണ്ടതിനുത്തരം നൽകി.

"എൻേറമാനേ അവിടത്തേയ്ക്ക് ആ പ്രാവുകളെ വേണോ? എന്റെ അച്ഛനൊരു വനമുദ്യോഗസ്ഥനായിരുന്നു." അയാൾ തുടൎന്നു: "ഞാൻ കാടുകളിലാണു വളൎന്നതു്. മരങ്ങളിൽ വലയെറിഞ്ഞു, പ്രാവിനേക്കാൾ കൂരത

യുള്ള പക്ഷികളെ ഞാൻ പിടിച്ചിട്ടുണ്ടു്. പക്ഷിയെ പിടിച്ചെടുക്കുന്ന രഹസ്യവിദ്യയും എനിക്കറിയാം.”

“എന്നാൽ എനിക്കു് ആ പക്ഷികളിലൊന്നിനെ കൊണ്ടുത്തരിക. അതിനെ ഉപദ്രവിക്കരുതെന്നോർമ്മയിരിക്കട്ടെ. ചിറകിലെ ഒരു തൂവലുപോലും...” കയസ്സ് പറഞ്ഞു.

സെയ്ദ് പ്രസംഗത്തിലെന്നപോലെ പ്രവൃത്തിയിലും സാമത്ഥ്യമുള്ളയാളായിരുന്നു.

നിലാവും പകലും നിറഞ്ഞ മൂന്നു ദിവസങ്ങൾ കടന്നുപോയി. ഒരു സായാഹ്നത്തിൽ ലൈലയുടെ വെള്ളിപ്രാവുകളിലൊന്നിനെ അയാൾ കയസ്സിനു കൊണ്ടുവന്നു കൊടുത്തു.

കയസ്സ് അതിനെ വാത്സല്യപൂർവ്വം തലോടി. അതിൻെറ ഭയം വിട്ടുമാറിയപ്പോൾ അവൻ പ്രാവിനെ സെയ്ദിൻെറ കൈയിൽ കൊടുത്തു. മൃദുവും ചെറുതുമായ ഒരു തുകൽക്കഷണം അവൻ അതിന്റെ കാലിൽ ചുറ്റി ഭംഗിയായി മുറുക്കിക്കെട്ടി.

ആ തുകൽക്കഷണത്തിൽ കയസ്സ് തന്റെ പ്രേമവികാരങ്ങൾകൊണ്ടു് ഒരു മഹാകാവ്യം കുറിച്ചിരുന്നു. അതിൽ ഇപ്രകാരം രേഖപ്പെടുത്തിയിരുന്നു:

“വിശ്വൈകസുന്ദരീ! എന്റെ ഹൃദയദേവതേ! നിൻെറ ഹൃദയം ഒരു വെൺപിറാവിനെപ്പോലെയാണു്. അതെന്റെ അടുക്കൽ വന്നു. വിദൂരതയിലെ പച്ചമരത്തലപ്പുകളിൽനിന്നും അതു് എന്റെ സമീപത്തേക്കു ചിറകടിച്ചു പറന്നുവന്നു, നിന്റെ പ്രണയം മുഴുവനും എനിക്കു കാഴ്ചവച്ചിരിക്കുന്നു.

“നിന്റെ ഹൃദയം ഇനി നിനക്കു വീണ്ടുകിട്ടുകയില്ല. ആ ഹൃദയം എൻെറ കൂടെയുണ്ടു്. എങ്കിലും എന്റെ കര

ളിൻെറ നൊമ്പരങ്ങൾ, നിൻെറ ഉദ്യാനത്തിലെ പൂമരങ്ങളിൽ നെടുവീർപ്പിടുന്നതു നിനക്കു കേൾക്കാം.

"പ്രേമിക്കപ്പെടുന്നവർ കണ്ടുമുട്ടുന്ന ആ ജലപ്രസരിണിയുണ്ടല്ലോ? ഇന്നു രാത്രിയിൽ ഞാൻ അവിടെ കാത്തിരിക്കും, പ്രിയപ്പെട്ടവളെ നിനക്കുവേണ്ടി.

"ഓമനേ! ആ മരത്തിലേക്കു, പ്രാവു പറന്നെത്തുന്നതുപോലെ, എൻെറ അടുക്കലേക്കു വരു, വരു."

ചൂടുള്ള രാത്രി! ലൈല ഒരു പ്രാവിനെ വെളിയിലേക്കു പറത്തിവിട്ടു. ഒന്നിനെ അവൾ മാറോടു ചേർത്തു പിടിച്ചു. എന്നിട്ടു മററെ പ്രാവ് അതിനെ കൂവിവിളിക്കുന്നുണ്ടോ, എന്നു ശ്രദ്ധിച്ചുകൊണ്ടവളിരുന്നു.

പക്ഷേ, പരിചിതമായ ആ മരക്കൊമ്പിലിരുന്ന് ഇണപ്രാവു കൂവിയില്ല. ചിറകിട്ടടിക്കുന്ന പ്രാവിനെ ഹൃദയത്തോടു ചേർത്തു പിടിച്ചുകൊണ്ടവൾ ജാലകത്തിലൂടെ നോക്കി. പരിചിതമായ ആ കൂജനം കേൾക്കുവാൻ അവൾ ചെവിയോർത്തുനിന്നു. ഒന്നും കേട്ടില്ല. അവൾ വിചാരിച്ചു: "എന്തു സംഭവിച്ചു? അതെങ്ങോട്ടു പറന്നുപോയി? ഇതിനുമുൻപിങ്ങനെ ഒരു സംഭവം ഉണ്ടായിട്ടില്ലല്ലോ. ഒരുപക്ഷേ, ആ പ്രാവ് മരക്കൊമ്പിലിരുന്ന് ഉറങ്ങുകയായിരിക്കും."

മനോഹരമായ ശശിലേഖ, മരക്കൊമ്പുകൾക്കു മുകളിലുയന്നുയന്നു പൊയ്ക്കൊണ്ടിരുന്നു. തിളങ്ങുന്ന കാന്തിപ്രസരം അതെല്ലായിടത്തും വാരിവിതറി.

അവൾ കാത്തുകാത്തിരുന്നു. എന്നാൽ അവളുടെ പ്രിയപ്പെട്ട പ്രാവിൻെറ ശബ്ദം ഉയന്നു കേട്ടില്ല. കാരണം കണ്ടുപിടിക്കുവാൻ കഴിയാതെ അവൾ വിഷമിച്ചു. അവൾ മാറിനിന്നു. പക്ഷിയെ കൈയിലെടുത്തു തലോടി, ലൈല എന്തോ അതിനോടു പറഞ്ഞു. കാണാതെപോയ

കളിത്തോഴനെ കണ്ടുപിടിച്ചുകൊണ്ടു വരുന്നതിനായി അവൾ അതിനെ അന്തരീക്ഷത്തിന്റെ വിശാലതയിലേക്കു പതുക്കെ എറിഞ്ഞുവിട്ടു.

ആ പ്രാവ് നേരെ മരക്കൊമ്പിലേക്കാണു പറന്നത്. അവിടെയിരുന്നതു കൂവി. വീണ്ടും വീണ്ടും കൂവിവിളിച്ചു. എന്നാൽ ഇണപ്പക്ഷിയുടെ മറുപടിസ്സ്വനമുയർന്നില്ല.

ഒടുവിൽ അതു മരത്തിൽനിന്നും പറന്നു. അതു കൊട്ടാരത്തിനു ചുററും പറക്കുന്നതു ലൈല കണ്ടു. പലപ്പോഴും അതു വളരെ അടുത്തു പറക്കും. അതിന്റെ ചിറകടിശബ്ദം അവൾ കേട്ടു. അവസാനം അതു് ജന്നലിന്നടുക്കൽ പറന്നുവന്നു. അവൾ അതിനെ എടുത്തു മാറോടുചേർത്തു. അതു ഭയന്നു വിറയ്ക്കുന്നുണ്ടായിരുന്നു. തീർച്ചയായും അതു വേദനിക്കുന്നുണ്ടു്.

"കഷ്ടം! പാവപ്പെട്ട പക്ഷി!" അവൾ അതിനെ മെല്ലെ തലോടിക്കൊണ്ടു പറഞ്ഞു: "ഒരു കാമുകനെ നഷ്ടപ്പെടുന്നതു വേദനാകരമാണു്. എന്നാൽ അവനെ ഒരിക്കലും കാണാൻ തരപ്പെടാതെ വരുന്നതു് അതിലും വലിയ വേദനയാണു്."

എന്നാൽ അതാ! അവൾ അതിനെ സാന്ത്വനപ്പെടുത്തുന്നതിനിടയ്ക്കു മറേറ പക്ഷി ചിറകടിച്ചെത്തി അവളുടെ ചുമലിൽ ഇരുന്നു.

ലൈല ആഹ്ലാദശബ്ദമുയർത്തി. എന്നിട്ടതിനെ പിടിച്ചെടുത്തു. അവൾ രണ്ടു പ്രാവുകളെയും കൈത്തണ്ടിലിരുത്തി തലോടിക്കൊണ്ടിരുന്നു. തിരിച്ചെത്തിയ പ്രാവിന്റെ കാലിലെ പരുപരുത്ത എന്തോ സാധനം അവളുടെ വിരലുകളിൽ കൊണ്ടു. അവൾ അതു സൂക്ഷിച്ചു നോക്കി. എന്നിട്ടു വളരെവേഗം അതഴിച്ചെടുത്തു. ഒരു തുകൽക്കഷണം! അതു നിവർത്തി അതിലെഴുതിയിരുന്നതു മുഴുവനും

അവൾ വായിച്ചു. ഒരു കാമുകൻെറ സന്ദേശമായിരുന്നു അതു്. എന്തുചെയ്യണമെന്നു ലൈലയ്ക്കറിഞ്ഞുകൂട. ചന്ദ്രനുകീഴിൽ, പ്രേമഹൃദയങ്ങൾ കണ്ടുമുട്ടുന്ന ജലപ്രസരിണിയിൽ പോകണമോ? അവൾ സംശയിച്ചു. അവൾ ആ ഇണപ്രാവുകളെ മാറിമാറി ചുംബിച്ചശേഷം അവയെ നിലത്തിറക്കിവിട്ടു. അവൾ എഴുന്നേററു പോയി ഒരു നീളൻ കുപ്പായം ധരിച്ചു. ആരുമറിയാതെ പതുങ്ങിപ്പാത്തു്, അവൾ ഗോവണിപ്പടികൾ ഇറങ്ങി.

പ്രണയപരവശരായ യുവതീയുവാക്കന്മാർ ഒന്നിച്ചുചേരുന്ന ജലപ്രസരിണിയിലേക്കുള്ള കാനനപ്പാത കണ്ടുപിടിക്കുവാനുള്ള കഴിവു് അനുരാഗവികാരത്തിൻെറ അദൃശ്യനയനങ്ങൾക്കുണ്ടായിരുന്നു.

മരങ്ങൾക്കിടയിൽ ചോർന്നുവീണ ചന്ദ്രകിരണങ്ങളുടെ അഴികൾക്കെതിരെ നീങ്ങുന്ന ഒരു നിഴൽപോലെ അവൾ അതിവേഗം നടന്നു. ജലപ്രസരിണി പൊട്ടിച്ചിരിക്കുന്ന മൈതാനത്തിൽ അവളെത്തി. അവിടെ, ഉയരത്തിലേക്കു ചാടുന്ന വെള്ളനിറമുള്ള ജലകണികകൾ, രത്നങ്ങളണിഞ്ഞു തിളങ്ങുന്ന പായൽച്ചെടികൾക്കുമീതെ, മണിനാദം മുഴക്കി വീണുകൊണ്ടിരുന്നു.

നിഴലുകൾക്കിടയിൽ അല്പം സങ്കോചത്തോടുകൂടി ലൈല നിന്നു. ഹൃദയം ശക്തിയായിമിടിക്കുന്നുണ്ടെങ്കിൽ ഓടിയതുകൊണ്ടാണെന്നവൾ വിചാരിച്ചു. അവളുടെ പ്രാവിനെ മോഷ്ടിച്ചുകൊണ്ടുപോവുകയും, ഒരു ദൗത്യത്തോടുകൂടി അതിനെ തിരിച്ചയയ്ക്കുകയും ചെയ്തയാളെവിടെയാണു്?

അവനെവിടെയായാലും കഴിവുള്ള കണ്ണുകളവനുണ്ടു്. നിഴലുകൾക്കിടയിൽ അവൻ അവളെ കണ്ടു. ജല

പ്രസരിണി കടന്നു്, അവളുടെ അടുക്കലേയ്ക്കതിവേഗം അവൻ വന്നു.

ഒരു ഞെട്ടലോടെ അവഠം നിലാവെളിച്ചത്തിലേയ്ക്കു നീങ്ങി.

"നിങ്ങളാരാണു്?"

അവരുടെ മിഴികഠംതമ്മിലിടഞ്ഞു. ചന്ദ്രരശ്മികഠം ആ മുഖങ്ങളിൽ വീണു. മററൊന്നും പറയേണ്ടിവന്നില്ല. ഒററനോട്ടത്തിൽത്തന്നെ അവക്കന്യോന്യം തിരിച്ചറിയുവാൻ സാധിച്ചു.

"ലൈലാ! നീ എൻെറയടുത്തേക്കു വന്നല്ലോ!... ഞാൻ നിന്നെ സ്നേഹിക്കുന്നു."

"ഞാൻ നിങ്ങളെയും."

പലപ്പോഴും അതുപോലുള്ള സംഭവങ്ങഠം താഴോട്ടു നോക്കിക്കണ്ടിട്ടുള്ള വൃദ്ധനായ മുഴതിങ്കളല്ലാതെ മറ്റാരും അവരുടെ ഗാഢാശ്ലേഷം കണ്ടില്ല. പ്രവഹിക്കാനാരംഭിച്ച നാഠംമുതൽ പല കാമുകീകാമുകന്മാരുടേയും വാക്കുകഠം കേട്ടു തഴമ്പിച്ച ആ ജലധാരയുടെ ആത്മാവല്ലാതെ മററാരും അവർ പറഞ്ഞതു കേട്ടുമില്ല.

അങ്ങനെ ലൈലയും കയസ്സും ആ ജലപ്രസരിണിയിൽ പലതവണ സമ്മേളിച്ചു. ആ കാനനത്തിൻെറ അഗാധതയിൽ അവർ ശപഥങ്ങഠം ചെയ്തു.

ഒരുദിവസം, വിടവാങ്ങലുകഠം കഴിഞ്ഞിട്ടും വേർപിരിയുവാൻ കഴിവില്ലാതെ അവർ നില്ക്കുമ്പോഠം കയസ്സ് അവളോടു പറഞ്ഞു:

"എൻെറ ഓമനേ! മരുഭൂമി എൻെറ വീടായിരുന്നെങ്കിൽ, അവിടെ ഞാനും നീയും സ്വതന്ത്രരായിരുന്നെങ്കിൽ, ഊഷരപ്രദേശങ്ങളിൽ വിളയുന്ന കിഴങ്ങുകളും കാട്ടുധാന്യങ്ങഠംകൊണ്ടു നീ തന്നെ ചുട്ടെടുക്കുന്ന

അപ്പക്കഷണവും മാത്രം ആഹാരമായി കിട്ടുമെങ്കിൽ, അരുവിയിലെ വെള്ളം കുടിച്ചും മരക്കൊമ്പുകളുടെ തണലിൽ ഉറങ്ങിയും കഴിഞ്ഞിരുന്നെങ്കിൽ, നിന്റെ ബന്ധുക്കളുടെ വിരോധമില്ലാതെ നിന്നെ സ്നേഹിച്ചും, നിന്നോടൊത്തു ജീവിച്ചും ഞാൻ ഈ പ്രപഞ്ചത്തെ മുഴുവനും അവഗണിക്കുമായിരുന്നു!"

"ഞാനും എന്റെ പ്രാണനാഥാ—"

"എന്നാൽ നമുക്കെല്ലാം ഉപേക്ഷിക്കാം. മണൽക്കാട്ടിലേക്കു പറന്നുകളയാം."

"ഇപ്പോഴോ?"

"ഇപ്പോഴല്ല, നീ തയാറായിക്കൊള്ളു. വായുവേഗത്തിൽ ഓടാൻ കഴിവുള്ള രണ്ടു കുതിരകളുമായി, നാളെ ഈ നേരം ഞാൻ നിനക്കുവേണ്ടി ഇവിടെ കാത്തിരിക്കും. ഭൂമിയിലെ പൊടിപടലങ്ങൾ തട്ടിയെറിഞ്ഞാണ് അവ കുതിച്ചുപായുന്നതു്. അതുപോലെ ലോകം നമ്മുടെ മുന്നിലുയർത്തുന്ന എതിർപ്പുകളെയെല്ലാം ചവിട്ടിനീക്കിക്കൊണ്ടു നമുക്കും മുന്നോട്ടുതന്നെ നീങ്ങണം. നമുക്കിവിടം വെടിയാം."

അന്നുരാത്രി ലൈല കിനാവു കണ്ടു. അവൾ ഹൃദയനായകനുമൊത്തു് മരുഭൂമിയിൽ കഴിയുന്നു. മരത്തണലുകളിലിരുന്നു! അരുവിയിലെ വെള്ളം കുടിച്ചു! കാട്ടുധാന്യം പൊടിച്ചു് അവൾതന്നെ പാകപ്പെടുത്തിയ അപ്പവും തിന്നു! അരമനയിലെ സുഖലോലുപത്വം നഷ്ടപ്പെട്ടിട്ടും ആനന്ദിക്കുവാൻ തയ്യാറായി അവർ നില്ക്കുകയാണ്!

ഹാ! കഷ്ടം! ആ സ്വപ്നം സാക്ഷാൽക്കരിക്കപ്പെട്ടില്ല. കൊട്ടാരത്തിലുള്ള ആരോ ഒരാൾ—ലൈലയെ വിവാഹം കഴിക്കണമെന്നു് അതിയായി ആഗ്രഹിച്ച സുന്ദരനും യുവാവുമായ ഇബ്നിൻസലാമിന്റെ ശമ്പളക്കാരൻ—

അവളുടെ അച്ഛന്റെ ചെവിയിലെന്തോ മന്ത്രിച്ചു. പിറ്റേ ദിവസം അവരെല്ലാം ആ കൊട്ടാരത്തിൽനിന്നു പോയി. വൃദ്ധനായ വലിയഭരണാധികാരി ലൈലയോടും പരിവാരങ്ങളോടുംകൂടി മലകളിലുള്ള അയാളുടെ തോട്ടത്തിലേയ്ക്കാണു യാത്രയായതു്. അവിടത്തെ പ്രശാന്തവും നിർമ്മലവുമായ കാലാവസ്ഥ ലൈലയുടെ ആരോഗ്യത്തിനു നല്ലതാണെന്നയാൾ പറഞ്ഞു. ലൈല ഏററവും കൂടുതൽ ആരോഗ്യവതിയായിരുന്ന ആ സന്ദർഭത്തിൽ അയാൾ പറഞ്ഞതിൻെറ അർത്ഥം ആർക്കും മനസ്സിലായില്ല.

ആ ആകസ്മികവും ദീർഘവുമായ വേർപാടിനെപ്പററി യാതൊന്നുമറിയാതെ, നിശ്ചിതസമയത്തുതന്നെ കയസ്സ് ജലപ്രസരിണിയിൽ കാത്തിരുന്നു. ഒടുവിൽ അതിനു മുൻപുതന്നെ സങ്കടം നിറഞ്ഞ കരളുമായിക്കഴിഞ്ഞ അവനറിഞ്ഞു, ലൈല പിതാവിൻെറ പരിചാരകന്മാരോടുകൂടി സ്വസമ്മതപ്രകാരം മലകളിലേയ്ക്കുപോയിരിക്കുകയാണെന്നും കൂട്ടത്തിൽ ഇബ്നിൻസലാമുമുണ്ടെന്നും. ഇബിൻസലാമിന്റെ ബുദ്ധിശാലയിൽ രൂപംകൊണ്ട ഒരുപായപ്രകാരമാണു് കയസ്സ് ഇങ്ങനെ വിശ്വസിക്കപ്പെട്ടതു്. ആ വാർത്ത ശരിയാണെന്നു ധരിച്ച കയസ്സിനു് ഉന്മാദം പിടിപെട്ടു. എപ്പോഴും പ്രേമഹൃദയങ്ങൾ, അവർ ഭയപ്പെടുന്നതു സംഭവിക്കുമെന്നു വിശ്വസിക്കുന്നവരാണല്ലൊ.

അവൻ വീട്ടിൽനിന്നിറങ്ങി ഓടി. നിരാശയുടെ വേദനയിൽ, ലൈലയെ അന്വേഷിക്കണമെന്നും കണ്ടുപിടിക്കണമെന്നുമല്ലാതെ മറെറാന്നും അവൻ ചിന്തിച്ചില്ല. വിദൂരസ്ഥമായ മലകൾക്കഭിമുഖനായി നിന്നു്, "ലൈലാ! ലൈലാ!" എന്നു വിളിച്ചു് അവൻ മണലിൽ വീണു. ആ പകലും രാത്രിയിലും, പിറ്റേദിവസം പുലരി

യിൽ അവൻ മണൽപ്പരപ്പിൽ തളൎന്നുവീഴുന്നതുവരെയും ആ നിലവിളി മരുഭൂവെങ്ങും മാറ്റൊലിക്കൊണ്ടു.

സൂൎയ്യനുദിച്ചുപൊങ്ങിയപ്പോൾ സെയ്ദും സ്നേഹിതന്മാരും അവനെ അവിടെവച്ചു കണ്ടു. അവൻ പരിഭ്രാന്തനായിരുന്നു. ക്ഷീണംകൊണ്ടും ദാഹംകൊണ്ടും നന്നെ വലഞ്ഞിരുന്നു. അവനെപ്പോലെതന്നെ ആ ഹൃദയവും മണലാരണ്യത്തിൽ അലയുകയായിരുന്നു. അവർ അവനെ കൊട്ടാരത്തിലേക്കു കൂട്ടിച്ചുകൊണ്ടുപോയി. അവനെ പൂൎവ്വസ്ഥിതിയിലാക്കാൻ ആവതു ശ്രമിച്ചു. സുഖം പ്രാപിക്കുമ്പോഴൊക്കെ, നഷ്ടപ്പെട്ട പ്രേമഭാജനത്തെ വിളിച്ചു കരഞ്ഞിരുന്ന അവൻെറ ഉന്മാദം, പ്രണയത്തിൻെറ തകൎച്ചയിൽനിന്നുണ്ടായതാണെന്നവരെല്ലാം അനുമാനിച്ചു. അവർ അവനെ മജ്നുവെന്നു്—പ്രേമഭ്രാന്തനെന്നു്—വിളിച്ചു. അതിൽപ്പിന്നെ അവനാപ്പേരിലാണറിയപ്പെട്ടതു്.

അവൻെറ പിതാവു വന്നു്, ശത്രുപുത്രിയോടുള്ള മോഹം കൈവെടിയണമെന്നുപദേശിച്ചു. പ്രണയത്തിലല്ലാതെ, മറ്റെല്ലാ കാൎയ്യങ്ങളിലും അവൻെറ പ്രജ്ഞാകേന്ദ്രം ശരിയായി പ്രവൎത്തിച്ചിരുന്നു.

ഭരണത്തലവൻ ആത്മഗതമായി പറഞ്ഞു: "ഈ യൊരു കാൎയ്യം ശരിയായാൽ അവൻ്റെ ഉന്മാദം നീങ്ങും."

ശത്രുത മറക്കുന്നതിനും ബസറായിലെ വലിയ ഭരണാധികാരിയോടു ബന്ധുത്വം പുലൎത്തുന്നതിനും അയാൾ സന്നദ്ധനായി. ആ കാൎയ്യം ഒരു പരീക്ഷണത്തിനു വിധേയമാക്കുവാൻതന്നെ തീരുമാനിച്ചു. മജ്നുവിനെ വിശ്വസ്തനായ സെയ്ദിനെ ഏല്പിച്ചു ധാരാളം പരിചാരകന്മാരോടുകൂടി, ശത്രുവായിരുന്ന വലിയഭരണാധികാരി

യുടെ അടുക്കലേക്ക് അയാൾ യാത്രയായി. മലകളിലേക്ക്, സൗഹാർദ്ദത്തിൻെറ സന്ദേശവുമായി!

വളരെദിവസത്തെ യാത്രയ്ക്കുശേഷം അയാൾ ലൈലയുടെ പിതാവിൻെറ താമസസ്ഥലത്തെത്തി. ആ വലിയ ഭരണാധികാരിയുടെ മുമ്പിൽനിന്നു്, ലൈലയെ മകനു വിവാഹംകഴിച്ചു കൊടുക്കണമെന്നയാൾ സഗർവ്വം ആവശ്യപ്പെട്ടു. നിഷേധത്തിൻെറയും സമ്മതത്തിൻെറയും പ്രത്യാഘാതങ്ങളെപ്പററിയും അയാൾ വിശദമായി പറഞ്ഞു. അയാളുടെ ആഗ്രഹം അതുനായിച്ച രീതിയിൽത്തന്നെ നിഷേധിക്കപ്പെട്ടു. "ഒരു വാർത്ത എല്ലായിടത്തും പ്രചരിക്കുന്നു." ബസറായിലെ വലിയഭരണാധികാരി പറഞ്ഞു: "നിങ്ങളുടെ പുത്രനു ഭ്രാന്താണു്. അയാളുടെ ഭ്രാന്തു് എളുപ്പം ഭേദമാക്കിയിട്ടാകട്ടെ എൻെറ സമ്മതമന്വേഷിക്കാൻ."

യെമാനിലെ ഭരണത്തലവൻ സിദ്ധ് അഭിമാനിയായിരുന്നു; ധീരനുമായിരുന്നു. അയാൾക്കാ മറുപടി അസഹ്യമായിത്തോന്നി. സൗഹാർദ്ദത്തിൻെറ ശൃംഖലയാണയാൾ നീട്ടിയതു്. അതു സംഘട്ടനത്തിൻെറ മൂർച്ചയേറിയ ശൂലാഗ്രമായി മാററിയിരിക്കുന്നു.

ബസറായിൽനിന്നയാൾ പിൻവാങ്ങി. സമരത്തിൻെറ മേഘങ്ങൾ അയാളുടെ പുരികങ്ങളിൽ തത്തിയിറങ്ങി. ബസറായോടു പ്രതികാരം ചോദിക്കുമെന്നയാൾ പ്രതിജ്ഞചെയ്തു. അയാൾ സ്വദേശത്തേക്കു മടങ്ങി, പടവെട്ടുന്നതിനായി വീണ്ടും വരാൻ.

എന്നാൽ യെമാനിലെ ഭരണത്തലവൻെറ ആലോചനകൾ താമസിക്കപ്പെട്ടു. മടങ്ങിച്ചെന്നപ്പോൾ, പതിവുള്ള മെക്കായാത്ര നടത്തുന്നതിനും, ആ പുണ്യദേവാലയത്തിനു മുമ്പിൽ മുട്ടുകുത്തുന്നതിനും, കാബായിലെ പരി

ശുദ്ധകൂപത്തിൽനിന്നും തീർത്ഥജലം കുടിക്കുന്നതിനും വേണ്ടി വിശ്വസ്തനായ സെയ്ദുമൊന്നിച്ചു സ്വപുത്രൻ പോയിരിക്കയാണെന്നയാളറിഞ്ഞു.

അയാൾ പറഞ്ഞു: "'ഹാറി'നെയും അവളുടെ മകനെയും രക്ഷിക്കുവാൻവേണ്ടി, ഉണങ്ങിവരണ്ട മരുഭൂമിയിൽനിന്നുറവെടുത്ത ആ പുണ്യതീർത്ഥത്തിലെ ജലം എന്റെ മകന്റെ മാനസികാരോഗ്യം തീർച്ചയായും തിരിച്ചുനല്കും. ഞാനവനെ പിന്തുടരട്ടെ ആ പുണ്യദേവാലയത്തിൽ, ഞാനവനോടൊത്തു മുട്ടുകുത്തും ആ പരിശുദ്ധമായ കിണററിൽനിന്നു വെള്ളംകുടിക്കും. അങ്ങനെ ഭാഗ്യാതിരേകത്താൽ എനിക്കവനെ വീണ്ടുകിട്ടും."

ഒരു വലിയസംഘം പരിചാരകന്മാരോടുകൂടി ഭരണത്തലവൻ മെക്കയിലേയ്ക്കു തിരിച്ചു. രണ്ടുദിവസം കഴിഞ്ഞപ്പോൾ മണലാരണ്യത്തിലെ ഒരു പ്രഭുനായകനായ നൗഫാലിനെ അയാൾ കണ്ടുമുട്ടി. ഒരുസംഘം ഭടന്മാരുമായി പൊടിപടലങ്ങൾ നിർമ്മിച്ചു മേഘങ്ങൾക്കു മുന്നിൽ നീങ്ങിവന്ന അയാൾ സൗഹാർദ്ദപരമായ രീതിയിൽ സ്വാഗതംചെയ്തു.

"ഞാനങ്ങയെ അറിയും," നൗഫാൽ, മണലും ചരലും തെറിക്കുന്നവിധം അയാളുടെ ഗംഭീരനായ കുതിരയെ പിടിച്ചുനിറുത്തിയിട്ടു പറഞ്ഞു: "അവിടന്നു് യെമാനിലെ ഭരണത്തലവനും മരുഭൂമിയിൽവച്ചു് ഞാൻ കണ്ട മജ്നുവിൻെറ പിതാവുമാണു്. അങ്ങേക്കു സ്വാഗതം! ഞാനങ്ങയുടെ പുത്രനെ രക്ഷിച്ചു. വേദനയിലൂടെ അവൻ മരണത്തിലേക്കു നീങ്ങുന്നതു് ഞാൻ കണ്ടു. ഞാനവൻെറ കഥ കേട്ടു. അല്ലയോ യെമാനിലെ ഭരണത്തലവാ, അങ്ങയ്ക്കു ഹിതമാണെങ്കിൽ, അവനെയും അങ്ങ

യെയും ബസറായിലെ വലിയഭരണാധികാരിക്കെതിരായി ഞാൻ സഹായിക്കാം."

"അല്ലയോ നൗഫാൽ, നിങ്ങൾക്കു സ്വാഗതം! ഞാൻ നിങ്ങളുടെ പേരു കേട്ടിട്ടുണ്ട്. നിങ്ങൾ മണലാരണ്യത്തിലെ കൊള്ളക്കാരനാണ്. എങ്കിലും നിങ്ങളുടെ പൗരുഷത്തിൻെറയും ത്യാഗശീലത്തിൻെറയും കഥകൾ ഞാൻ കേട്ടിട്ടുണ്ട്. എന്റെ മകൻ നിങ്ങളുടെ സംരക്ഷണയിലാണോ? മെക്കയിലേക്കുള്ള അവൻെറ തീൎത്ഥയാത്ര എങ്ങനെ മുടങ്ങി? അവനെ പരിശുദ്ധദേവാലയത്തിൽവച്ചു കാണുവാൻ ഞാൻ പുറപ്പെട്ടതാണു്."

"കഷ്ടം! അവൻ വഴിയരികിൽ വീഴുന്നതു് എന്റെ പടയാളികൾ കണ്ടു അവർ ഓടിയടുത്തുചെന്നപ്പോൾ അവന്റെ ഏക പ്രലപനം ഇതായിരുന്നു: 'ലൈല! ലൈല!...' അവർ അവനെ എൻെറയടുക്കൽ കൊണ്ടുവന്നു. അവൻെറ ശിഥിലവൃത്താന്തവും ലൈല എന്നുള്ള നിരന്തരമായ നിലവിളിയും കേട്ടപ്പോൾ അവൻ മജ്നുവാണെന്നും അങ്ങയുടെ മകനാണെന്നും എനിക്കു മനസ്സിലായി. അല്ലയോ യെമാനിലെ ഭരണത്തലവൻ! സ്നേഹത്തിൻെറയും സൗന്ദൎയ്യത്തിൻെറയും ചരിത്രം ഈ നിശ്ശബ്ദമായ മരുക്കാട്ടിലും വളരെദൂരത്തിൽ സഞ്ചരിക്കുന്നു."

"നൗഫാൽ, നിങ്ങൾ എന്തു പറയുന്നു?"

"ഞാനും അങ്ങയും ബസറായിലെ വലിയ ഭരണാധികാരിയുടെ അടുക്കൽ ചെല്ലണം. അങ്ങയുടെ മകനു വേണ്ടി അയാളുടെ പുത്രിയെ ആവശ്യപ്പെടണം. ഇത്രയുമാണെനിക്കു പറയുവാനുള്ളതു്. അയാൾ സമ്മതിച്ചില്ലെങ്കിൽ നമുക്കാക്രമിക്കണം. അങ്ങയുടെ താല്പൎയ്യങ്ങൾ മരുഭൂമിയിലും അതിനപ്പുറത്തും ഞാൻ സംരക്ഷിച്ചുകൊള്ളാം. അയാൾ സമ്മതിച്ചാൽ അങ്ങും ഞാനും അയാളും

തമ്മിൽ എന്നൊന്നും സമാധാനത്തിൽ കഴിയും. അങ്ങ നിശ്ചയിക്കുന്ന വ്യവസ്ഥകളനുസരിച്ചു നമ്മുടെ രാജ്യങ്ങൾ സംയോജിപ്പിക്കാം.”

“അല്ലയോ നൗഫാൽ! നിങ്ങൾ നന്നായി സംസാരിച്ചു. ഞാൻ നിങ്ങളെ വിശ്വസിക്കുന്നു. നിങ്ങൾ ഇപ്പോൾത്തന്നെ ബസറായിലെ നാടുവാഴിയെ കണ്ടു്, എൻെറ പേരിൽ ലൈലയെ ആവശ്യപ്പെടണം. ഞാൻ നിങ്ങളുടെ പുറകെ വന്നുചേരാം. ലൈലയുമായി നിങ്ങൾ മടങ്ങിവന്നു് എന്നെ കണ്ടാൽ എല്ലാം സ്വസ്ഥമായിരിക്കും. ഇല്ലെങ്കിൽ നമുക്കൊരുമിച്ചു ബസറായ്ക്കെതിരായി പുറപ്പെടണം. നിങ്ങളുടെ വ്യവസ്ഥകൾതന്നെയായിരിക്കും എൻെറയും. ബാക്കി കാര്യങ്ങൾക്കു്, എനിക്കുള്ളതുപോലെ വേഗതയുള്ള ദൂതന്മാർ നിങ്ങൾക്കുമുണ്ടല്ലോ.”

അതുകേട്ടു്, മണലാരണ്യത്തിലുള്ള അയാളുടെ പോരാളികൾ മുഴുവനും മലയടിവാരത്തിലുള്ള ഒരു കേന്ദ്രത്തിൽ ഒന്നിച്ചുചേരണമെന്നറിയിക്കുവാൻ നൗഫാൽ ചില ഭടന്മാരോടാജ്ഞാപിച്ചു. വേഗതയുള്ള ആറു പടക്കുതിരകൾ ഉടൻതന്നെ ചക്രവാളസീമയിലേയ്ക്കു കുതിച്ചുചാടി. അവ ആറുമാർഗ്ഗങ്ങളിലേയ്ക്കു തിരിഞ്ഞു. അതുപോലെതന്നെസിദ്ദിൻെറ കല്പനകളുമായി അയാളുടെ ഭൃത്യന്മാർ യെമാനിലേയ്ക്കു പാഞ്ഞു. നൗഫാൽ അയാളുടെ നിശ്ചിതസ്ഥലത്തേയ്ക്കു യാത്രയായി. യെമാനിലെ ഭരണത്തലവൻ സന്ദേശവാഹകരുടെ പ്രത്യാഗമനം പ്രതീക്ഷിച്ചവിടെത്തന്നെ നിന്നു.

അന്നേരമൊക്കെ, പിതാവിൻെറ മലകളിലുള്ള വസതിയിൽ ലൈല ദയനീയതയുടെ അഗാധതയിൽ കഴിഞ്ഞുകൂടുകയായിരുന്നു. യുവഭരണാധികാരിയായ ഇബിൻസലാം അവളുടെ അച്ഛൻെറ ആനുകൂല്യങ്ങൾ നേടി.

അയാൾ അവളെ വിവാഹംകഴിച്ചുകൊടുക്കുവാൻ അയാളോടുപലതവണയപേക്ഷിച്ചു. എന്നാൽ ലൈലയുടെ പ്രതിഷേധവും കണ്ണുനീരും അവളുടെ പിതാവിന്റെ ഹൃദയമലിയിച്ചു. അയാൾ ധനികനും സുന്ദരനുമായ ആ ഭരണാധികാരിയെ സമാധാനപ്പെടുത്തി, സന്തോഷിപ്പിച്ചു. "അവൾക്കു പ്രായമായില്ല. കുറച്ചുകാലംകൂടി കാത്തിരിക്കൂ; എല്ലാം ശരിയാക്കാം." ധാരാളം ധനവും ആയിരമായിരം ഭടന്മാരുമുള്ള ആ ഭരണാധികാരിയെ ചില മനക്കണക്കുകൾ കൂട്ടിക്കൊണ്ടിരുന്ന അയാളുടെ കണ്ണുകൾ ഉപേക്ഷിച്ചില്ല. ലൈലയെപ്പററി പറയുകയാണെങ്കിൽ അവൾ പകൽവെളിച്ചത്തിൽ നിന്നൊളിച്ചിരുന്നു. രാത്രിയിൽ വിരിയുന്ന നക്ഷത്രങ്ങളോടുമാത്രം അവൾ സംസാരിക്കും. അവൾ ഹൃദയത്തോടു മന്ത്രിക്കും: "മജ്നുവിനെയല്ലാതെ മറ്റൊരാളെ വിവാഹം കഴിക്കേണ്ടിവരുന്നതിൽഭേദം കന്യകയായി മരിക്കുന്നതാണു്. എന്നാൽ മജ്നുവോ? കഷ്ടം! അദ്ദേഹവും എന്നേപ്പോലെതന്നെ പരിഭ്രാന്തനാണു്."

ലൈല, കൊട്ടാരത്തിലെ മരത്തിൽ കൂടുവച്ചിരിക്കുന്ന പ്രാവുകളെ ഭൃത്യന്മാരെ ഏല്പിച്ചിരിക്കുകയാണു്. അവ അവൾക്കൊരു സാന്ത്വനമായിരുന്നു. പ്രത്യേകിച്ചു് അവയിലൊന്നു് അനുരാഗത്തിന്റെ സന്ദേശവാഹകനായതിൽപ്പിന്നെ. ഇപ്പോൾ അവൾക്കു് ആ ആശ്വാസം ലഭിക്കുന്നില്ല. എത്യോപ്പിയാക്കാരനായ അടിമയെ മാത്രം അനുസരിക്കുന്ന ഒരു കടുവായുണ്ടു്. ആ ഇണപ്രാവുകളേപ്പോലെ അതിനവളോടു പ്രണയത്തെക്കുറിച്ചു സംസാരിക്കുവാൻ കഴിവില്ല. എന്നാൽ ഒരുദിവസം ആ അടിമപ്പെണ്ണു് ഒരു വാനംപാടിയെ ലൈലയ്ക്കു നൽകി. എന്നിട്ടവൾ പറഞ്ഞു:

"എൻെറ ബാല്യസഖാവ് മലകളിൽനിന്നു പിടിച്ചതാണിതിനെ. എന്നോടവിടന്നു കാണിക്കുന്ന ദയയ്ക്കു് തു നൽകണമെന്നു് അദ്ദേഹം പ്രത്യേകം പറഞ്ഞു."

ലൈല ഏകാന്തതയിൽ ആ പറവയെ നിധിപോലെ കരുതി. കുറേനാളം കഴിഞ്ഞപ്പോൾ, അവളുടെ ശബ്ദം അനുകരിക്കുവാനതിന്നു കഴിയുമെന്നവൾ മനസ്സിലാക്കി. അവൾ അതിനെ ഒരു വാക്കു്, ഒരു വാക്കുമാത്രം പഠിപ്പിച്ചു. എന്നിട്ടതിനെ കൈത്തലത്തിലിരുത്തും. അതുച്ചരിക്കുന്ന 'മജ്നു' എന്ന ഏകപദത്തിൻെറ മൃദുലസ്വരംമാത്രം ശ്രവിച്ചുകൊണ്ടവൾ മണിക്കൂറുകൾ ചെലവഴിക്കും. 'മജ്നു!' പിന്നെയും പിന്നെയും ആ പക്ഷി വിശേഷകമധുരമായ ആ നാമധേയം അവളുടെ കണ്ണുങ്ങളിൽ മൃദുലമായി പറയും. "മജ്നു! മജ്നു! മജ്നു!" അവളുടെ മനസ്സ് ആ ശരീരം വെടിഞ്ഞു മരുഭൂമിയുടെ നിശ്ശൂന്യതയിലേയ്ക്കു മജ്നുവിനെ തേടി പറന്നു പോകും. അവളുടെ ഹൃദയഗതി അങ്ങനെയായിരുന്നു.

അന്നൊരുദിവസം നേരം പുലന്നപ്പോൾ ഒരു വലിയ സൈന്യത്തോടുകൂടി നൗഫാൽ അവിടെയെത്തി. അയാൾ പ്രവേശനകവാടം വാളുകൊണ്ടുവെട്ടിത്തുറന്നു. എന്നിട്ടയാൾ ബസറായിലെ വലിയ ഭരണാധികാരിയെ കാണണമെന്നാവശ്യപ്പെട്ടു.

കസവണിഞ്ഞ സൂയ്യകിരണങ്ങൾ പവ്വതങ്ങളുടെ പശ്ചാത്തലത്തിലേയ്ക്കു സാവധാനത്തിലൂന്നിറങ്ങിക്കൊണ്ടിരുന്നപ്പോൾ നൗഫാലും വലിയ ഭരണാധികാരിയും തമ്മിൽ മൂച്ച്യുള്ള വാക്കുകൾ കൈമാറി; സൂയ്യൻ ഉദിച്ചു പൊങ്ങി രശ്മികൾ പ്രവേശനഗോപുരത്തിൻെറ മുകളിൽ പതിച്ചപ്പോൾ ആ സംഭാഷണം അവസാനിച്ചു. നൗഫാലും സൈന്യവും യെമനിലെ പ്രയാണമാരംഭിച്ചു

ഭടന്മാരെ കാണുവാൻ അതിവേഗം കുതിരകളെ ഓടിച്ചു പോയി. അവക്കും അരുണനുമിടയ്ക്കു പൊങ്ങിയുയന്ന ധൂളിമമേഘങ്ങളെ നോക്കി ബസറായിലെ വലിയ ഭരണാധികാരി നിശ്ചലനായി നിന്നു. അയാളവിടെ ആസന്നമായ സമരത്തിൻെറ പ്രതീകങ്ങൾ കണ്ടു.

വലിയ ഭരണാധികാരിയുടെ മലമുകളിലുള്ള പ്രദേശം ഇബിൻസലാമിൻെറ രാജ്യത്തോടു തൊട്ടാണു കിടന്നിരുന്നതു്. അയാളുടെ പ്രേമാത്ഥനകൾക്കനുകൂലമായി നൗഫാലിനെ നിർബ്ബന്ധിച്ചയച്ചുവെന്നും, സമരത്തിൻെറ ശബ്ദമേഘങ്ങൾ കാററിനെതിരായി ഉയരുന്നുണ്ടെന്നും അറിഞ്ഞ ഇബിൻസലാം ആയിരം യോദ്ധാക്കളെ സഹായത്തിനയച്ചുകൊടുത്തു. വലിയ ഭരണാധികാരി ആ ദാനം ആത്തിയോടുകൂടി സ്വീകരിച്ചു.

എന്നാൽ ബസറായ്ക്കാവശ്യമുള്ള സൈന്യത്തിൻെറ മൂന്നിലൊരുഭാഗം പോലുമായില്ല ഇബിൻസലാമയച്ച വെറും ആയിരം ഭടന്മാർ!

യുദ്ധത്തിനുവേണ്ടിയുള്ള വഴി തെളിക്കപ്പെട്ടുകഴിഞ്ഞു. മദ്ധ്യാഹ്നത്തിനുമുമ്പുതന്നെ ഇബിൻസലാമിൻെറ കുതിരപ്പട വന്നുചേർന്നു. ലൈല ജാലകത്തിലൂടെ നോക്കി ആ ധീരമായ സേനാവ്യൂഹം കണ്ടു. പിന്നീടവൾ വിദൂരമായ മണൽപ്പരപ്പിലേക്കു കണ്ണുകളയച്ചു. മുന്നേറുന്ന ഒരു പടയണി പറത്തിയ പൊടിപടലങ്ങൾ അവളുടെ കണ്ണുകളെ എതിരേററു.

"കഷ്ടം!" അവൾ കരഞ്ഞുപോയി. "എൻെറ മാറിടത്തിൽ തുടിക്കുന്ന ഹൃദയമാണിതിനെല്ലാം കാരണം. ഞാനെൻെറ പിതാവിനെ സ്നേഹിക്കുന്നു. ഞാൻ മജ്നുവിനെയും പ്രേമിക്കുന്നു. വിധി ഇവരിലാരെയെങ്കിലും തിരഞ്ഞെടുക്കട്ടെ."

എന്നാൽ വിധിക്കു വിചിത്രമായ വൈപരീത്യങ്ങളുണ്ടായി. രാത്രി ഇരുട്ടുന്നതുവരെ സമരത്തിന്റെ സംഘട്ടനങ്ങളും ഏറ്റുമുട്ടലുകളും അവളുടെ ചെവികളിൽ മുഴങ്ങി. അതുകഴിഞ്ഞു് ആശയ്ക്കും ആശങ്കയ്ക്കും വിഭജിച്ചുകൊടുത്ത ഹൃദയത്തോടുകൂടി അവൾ വ്യക്തമായി മനസ്സിലാക്കി, ഇബ്നിന്റെ സൈന്യത്തിനു നിലയുറപ്പിക്കുവാൻ സാധിക്കുന്നില്ലെന്നു്. ശത്രുനിര പാഞ്ഞുകയറി, അവളുടെ പിതാവിന്റെ സൈന്യത്തെ പിന്നോട്ടോടിക്കുകയാണു്. അവർ ചിതറിപ്പോയി. പിന്നെയും അണിനിരന്നു. പിന്നെയും ചിതറുകയാണു്. രക്ഷപെട്ടവരെ ഗോപുരത്തിനകത്തുവെച്ചു വീണ്ടും ഹിംസിക്കുന്നു. കവാടങ്ങൾ തല്ലിത്തകർക്കുന്നു. അങ്ങനെ എല്ലാം നഷ്ടപ്പെട്ടു; അല്ലെങ്കിൽ കീഴടക്കപ്പെട്ടു. ഒരു ദൂതൻ ഓടിയെത്തി കീഴടക്കവ്യവസ്ഥകൾ പറഞ്ഞുകേൾപ്പിച്ചു. ജന്നലിൽ കമഴ്ന്നു കിടന്നുകൊണ്ടു് ലൈല അതെല്ലാം ശ്രദ്ധിച്ചു.

പരാജയത്തെ അഭിമുഖീകരിച്ചിട്ടും, അപ്പോഴും അക്ഷോഭ്യനായി നില്ക്കുന്ന അവളുടെ അച്ഛൻ മുഴങ്ങുന്ന സ്വരത്തിൽ സംസാരിക്കുന്നതുവരെ അവൾക്കു മറെറാന്നും കേൾക്കാൻ കഴിഞ്ഞില്ല.

അയാൾ പറഞ്ഞു: "ഞാനെന്റെ മകളെ വിട്ടയച്ചില്ലെങ്കിൽ നിങ്ങളവളെ ബലമായി പിടിച്ചെടുക്കും. ശരിയാണു്. എന്നാൽ നിങ്ങൾക്കവളെ ജീവനോടുകൂടി കിട്ടുകയില്ല. ഞാനെൻെറ കൈയൊന്നുയർത്തിയാൽ മതി ഉടൻതന്നെ അവൾ വധിക്കപ്പെടും. എനിക്കെല്ലാം നഷ്ടപ്പെട്ടു. എന്നാൽ എന്നെ അനുസരിക്കുന്ന ഭൃത്യന്മാർ ഇപ്പോഴുമുണ്ടു്. ഞാനൊരു വാക്കുച്ചരിച്ചാൽ, നിങ്ങൾ ചോദിക്കുമ്പോൾ അവളുടെ മൃതശരീരമായിരിക്കും കിട്ടുന്നതു്."

അതു കേട്ടപ്പോഠം ആ ഘോരകൃത്യത്തിൽനിന്നു പിന്തിരിയണമെന്നു, യെമാനിലെ ഭരണത്തലവൻ അയാളോടപേക്ഷിച്ചു.

"അല്ലയോ ബസറായിലെ വലിയ ഭരണാധികാരി!" അയാഠം പറഞ്ഞു, "ഈ കാൎയ്യത്തെപ്പററി ആലോചിക്കുവാൻ ഞാൻ നിങ്ങഠംക്കു് ഒരു ദിവസത്തെ അവധിതരാം. രണ്ടു കാരൃങ്ങഠം ഓൎമ്മയിരിക്കട്ടെ. നിങ്ങഠം എൻെറ മകനു് പുത്രിയെ വിവാഹം കഴിച്ചുകൊടുത്താൽ നാം തമ്മിലെന്നും സൗഹാൎദ്ദമായിരിക്കുമെന്നുള്ളതാണൊന്നാമത്തേതു്. നിങ്ങഠം പുത്രിയെ സൂക്ഷിക്കുകയാണെങ്കിൽ നിങ്ങളുടെ പരമാധികാരം ഞങ്ങഠംക്കു കീഴടങ്ങിത്തരുകയും എൻെറ സാമന്തനായിമാത്രം രാജ്യം ഭരിക്കുകയും ചെയ്യുകയെന്നുള്ളതാണു് മറെറാന്നു്."

അത്രയും പറഞ്ഞു്, അടുത്ത പ്രഭാതത്തിനുമുൻപു് തീരുമാനമെടുക്കുവാനനുവാദം നൽകി, യെമാനിലെ ഭരണത്തലവൻ സഹായിയായ നൗഫാലുമൊന്നിച്ചു മടങ്ങിപ്പോയി.

ഇബിൻസലാം അയാളുടെ ദൂതന്മാരിൽ ചിലരോടു പറഞ്ഞയച്ചു, യെമാനിൽനിന്നു തിരിച്ചെത്തിയ ഭാവം നടിക്കണമെന്നും, രാത്രിയിൽ പരിചാരകന്മാരിൽനിന്നും ഒളിച്ചോടിയ മജ്നു മരുഭൂമിയിൽക്കിടന്നു മരിച്ചെന്നുള്ള വാൎത്ത അറിയിക്കണമെന്നും. അതൊരു വ്യാജവാൎത്തയായിരുന്നു. എന്നാലതു സംഭവിക്കുമെന്നു് ഇബിനുറപ്പുണ്ടു്. അയാഠം മജ്നുവിനെ തേടിപ്പിടിച്ചു വധിക്കുവാൻ മറ്റുചിലരെ ശട്ടംകെട്ടിയിരുന്നു. അയാളുടെ ഉദ്ദേശത്തിനുവേണ്ടി ആ വൃത്താന്തം നേരത്തെ പ്രചരിക്കണമെന്നയാളാഗ്രഹിച്ചു. അങ്ങനെ ചെയ്യും, കുറേക്കൂടെ

സൈന്യങ്ങളെ നല്കിയും ലൈലയുടെ സമ്മതം നേടാമെന്നും, വിവാഹകാർയ്യത്തിൽ അവളുടെ പിതാവിൻെറ കരങ്ങൾ സുശക്തമാക്കാമെന്നും അയാൾ വിചാരിച്ചു.

വിജയികൾ തിരിച്ചുപോകുവാൻ തുടങ്ങിയതേയുള്ളു. ഒരു ദൂതൻ ആ ചരമവാർത്ത കീഴടക്കപ്പെട്ടവരോടും, ജയംനേടിയവരോടും വിളിച്ചറിയിച്ചു. യെമാനിലെ ഭരണത്തലവൻ അതറിഞ്ഞു, മകനുവേണ്ടി പൊട്ടിക്കരഞ്ഞു. നൗഫാൽ അതുകേട്ടു പറഞ്ഞു: "ലൈലയിപ്പോൾ നമുക്കൊരു പ്രശ്നമല്ല. പ്രഭാതത്തിൽ നമുക്ക് നമ്മുടേതായ വ്യവസ്ഥകൾതന്നെ പറയണം." ഇബിൻ സലാമും ലൈലയുടെ പിതാവും വ്യസനരഹിതരായിട്ടാണ് ആ വാർത്ത ശ്രവിച്ചതു്. ഇബിൻ പറഞ്ഞു: "ഇപ്പോൾ അങ്ങയുടെ പുത്രിയുടെ സമ്മതത്തിനു് പ്രതിബന്ധങ്ങൾ ഒന്നുംതന്നെയില്ല. അവളൊരു സ്ത്രീയാണു്. അവൾക്കറിയാം, മരിച്ചുപോയവനേക്കാൾ ആഗ്രഹിക്കപ്പെടേണ്ടതു് ജീവിച്ചിരിക്കുന്നവനെയാണെന്നു്. അല്ലയോ വലിയ ഭരണാധികാരി! ഞാൻ നിങ്ങളെ സഹായിച്ചു, പക്ഷേ, നാം പരാജിതരായി. എന്നാൽ നിങ്ങളുടെ മകൾ ആ വാക്കുമാത്രം പറഞ്ഞാൽമതി, ഇനിയും സൈന്യങ്ങൾ—ഇന്നു് പടവെട്ടിയതിൻെറ മൂന്നിരട്ടി—എൻെറ ആഹ്വാനമനുസരിച്ചു് മരുഭൂമിയിൽനിന്നു വരും. പകുതി നമ്മുടെ പ്രതിരോധത്തിൽ സഹായിക്കുവാൻ, മറ്റേ പകുതി നമ്മുടെ യെമാനിലെ പടയാളികളെ മണലാരണ്യത്തിൽവച്ചു് ആക്രമിക്കുവാൻ. അങ്ങനെ അങ്ങയുടെ ശത്രുക്കൾ കാററിലെ ഉമിപ്പൊടിപോലെ പറന്നുപോകും. അവിടന്നു് മകളുടെ അടുക്കലേയ്ക്കു് പോകു. എന്നിട്ടു പറയൂ, അവളുടെ ഒരു വാക്കു് അങ്ങയെ നാശത്തിൽനിന്നു് രക്ഷിക്കുമെന്നും, ശ്രേഷ്ഠനാക്കുമെന്നും."

ബസറായിലെ വലിയ ഭരണാധികാരി മകളെ കണ്ടു. ആ യുവതിയുടെ തേങ്ങൽ കേട്ടപ്പോൾ മജ്നുവിന്റെ മരണകഥ വിശ്വസിക്കപ്പെട്ടിരിക്കുന്നുവെന്ന്, ഇബ്നിൻ മനസ്സിലാക്കി. ലൈലയുമായി പിതാവു് വളരെനേരം സംസാരിച്ചു. മജ്നുവിനുവേണ്ടി കരയുന്നതു് പ്രയോജനശൂന്യമാണെന്നയാൾ വാദിച്ചു. ഇബിനെ വിവാഹം കഴിച്ചാൽ അവൾക്കു് ബസറായെ രക്ഷിക്കാം. അതൊരു മഹാസാമ്രാജ്യമാക്കാം. ആ വിപൽസന്ധിയിൽ അയാളോടും പിതാവിനോടുമുള്ള അവളുടെ കടമകളെപ്പററി അയാൾ വിവരിച്ചുപറഞ്ഞു. അവളുടെ വാക്കിനുമാത്രമേ അയാളെ രക്ഷിക്കുവാൻ സാധിക്കുകയുള്ളു. കണ്ണീരിലൂടെ ലൈല കണ്ടു, അവളുടെ അച്ഛനുവേണ്ടി ആ ത്യാഗം അനിവാര്യമാണെന്ന്. പ്രണയമുണ്ടായിട്ടല്ല, കർത്തവ്യമോർത്തു് സങ്കടത്തോടുകൂടി അവൾ ഇബ്നിൻ സലാമിനു വാക്കുകൊടുത്തു.

വിവരമറിഞ്ഞയുടനെ ഇബ്നിൻസലാം ഭടന്മാരെ വിളിച്ചുവരുത്തി അയാളുടെ കരുതൽസൈന്യത്തെപ്പററിയുള്ള വിവരങ്ങൾ ചോദിച്ചു.

അവരുടെ മറുപടി കേട്ടയാൾ പറഞ്ഞു: "നാലായിരം! ശത്രുഭടന്മാർ മൂവായിരമേയുള്ളു. നാം ആയിരത്തിലല്പം കൂടുതലുണ്ടു്."

ദൂതന്മാർക്കയാൾ ചില നിർദ്ദേശങ്ങൾ കൊടുത്തു. ഗൂഢമായി മുന്നോട്ടു നീങ്ങി അവ സേനാനായകന്മാരെ അറിയിക്കുവാനും ആജ്ഞാപിച്ചു. നാലായിരത്തിൽ പകുതി ഭടന്മാർ രാത്രിയിൽ മലകൾക്കു പിന്നിൽ അണിനിരക്കണം; നേരം വെളുക്കുമ്പോൾ സമരത്തിനു തയ്യാറാകണം. മറേറ അർദ്ധഭാഗം മരുഭൂമിയിൽ ഒരു വലയം സൃഷ്ടിക്കണം. സമരം കൊടുമ്പിരിക്കൊള്ളുമ്പോൾ ശത്രുനിരയെ

പിന്നിൽനിന്നാക്രമിക്കണം. ആ ആകസ്മികമായ ആഘാതത്തിൽ പരിപൂർണ്ണവിജയം നേടാമെന്നയാൾ വിശ്വസിച്ചു.

അയാൾക്കു തെററിയില്ല. മണൽക്കാട്ടിൽ ഉഷസ്സു പൊട്ടിവിരിഞ്ഞപ്പോൾ സൂര്യോദയത്തിലെ അഗ്നിരശ്മികളേററു ഗിരിശൃംഗങ്ങൾ ചുവന്നപ്പോൾ, മലയടിവാരത്തിലുണ്ടായിരുന്ന കറുത്ത നിഴലുകളുടെ എണ്ണം രണ്ടായിരമായിരുന്നു. അവിടെ ആ പടയാളികൾ ശത്രുക്കളിൽ നിന്നൊളിച്ചിരുന്നു. സൂര്യനുദിച്ചുയർന്നപ്പോൾ ഒരു ദൂതൻ പ്രവേശനകവാടത്തിൽ വന്നുനിന്നു യെമാനിലെ ഭരണത്തലവൻെറ പ്രതിപുരുഷനായി. അയാൾ കീഴടക്കവ്യവസ്ഥകൾ അറിയിച്ചു; ലൈലയെപ്പററി ഒന്നും പറഞ്ഞില്ല.

ബസറായിലെ വലിയ ഭരണാധികാരി അയാളെ അധിക്ഷേപിച്ചു പൊട്ടിച്ചിരിച്ചു.

"പോക്കു, യെമാനിലെ ഭരണത്തലവനോടും അയാളുടെ മരുഭൂമിയിലെ തസ്കരസുഹൃത്തിനോടും ചെന്നു പറയൂ, അവരെൻെറ രാജ്യം ആഗ്രഹിക്കുന്നെങ്കിൽ പടവെട്ടിപ്പിടിക്കാൻ. അവരോടു പറയൂ, ബസറാ ഒരിക്കലും കീഴടങ്ങുകയില്ലെന്നു്. ഞാൻ സ്വതന്ത്രനായി ജീവിക്കാനഭിലഷിക്കുന്നു. അല്ലെങ്കിൽ സമരംചെയ്തു മരിക്കാൻ"— അയാൾ പറഞ്ഞു.

അഹങ്കാരം നിറഞ്ഞതും, നിഷേധാത്മകവുമായ ആ മറുപടിയുംകൊണ്ടാണു ദൂതൻ ചെന്നതു്. അതറിഞ്ഞു സിദ്ദ്, ആശ്ചര്യപ്പെട്ടു; ആശങ്കപ്പെട്ടു നൗഫാൽ മരുഭൂമിയിലെ മനുഷ്യനാണു്; മുൻകോപിയാണു്; പ്രവർത്തിക്കാൻ ധിറുതിയുള്ളവനുമാണു് പെട്ടെന്നൊരാക്രമണം നടത്തണമെന്നയാൾ ഉപദേശിച്ചു.

പടകഠം ഏററുമുട്ടി. ഇബ്നിൻെറ രണ്ടായിരം പടയാളികഠം അവരുടെ നിഗ്രൂഢസങ്കേതത്തിൽനിന്നോടിയെത്തി. വിസ്മയസ്തിമിതരായി അക്രമികഠം പുറകോട്ടു പോയി. അതാദ്യത്തെ തിരിച്ചടിയായിരുന്നു. എങ്കിലും അവർ മുന്നോട്ടു നീങ്ങി. തുല്യശക്തിയുള്ള പ്രതിയോഗികളോട്ട് അവർ ഭയങ്കരമായി പൊരുതി. ലൈല ജാലകത്തിലൂടെ, ഭയവിഹ്വലയായി നോക്കി. ആധിപത്യം ഒരിടത്തു കൈവരുന്നതും പിന്നെ മറെറാരിടത്തു നഷ്ടപ്പെടുന്നതും അവഠം സൂക്ഷിച്ചു. ഒരിക്കൽ ശത്രുക്കഠം വിജയം നേടിക്കൊണ്ടിരുന്നതവഠം കണ്ടു. എന്നാൽ ആ മരുഭൂമിയുടെ വിദൂരതയിലെന്താണ്? മണൽപ്പരപ്പിൽനിന്നു മുന്നോട്ടു കുതിക്കുന്നതെന്താണ്? പൊടിപടലങ്ങഠം തീർത്ത ഭീമാകാരമായ ഒരു കാർമേഘം വളരെ വേഗത്തിൽ മുന്നോട്ടടുക്കുന്നു. അതു് വളരെ വേഗം അതിന്റെ ലക്ഷ്യം പ്രാപിച്ചു. ഒരു വലിയ സംഘം പട്ടാളക്കാർ! അവരുടെ കുതിരകളുടെ കുളമ്പടിയുയർത്തിയ ഇടിമുഴക്കം ഭൂമി വിറപ്പിച്ചു. അവർ അടുത്തെത്തിക്കഴിഞ്ഞു. ഒരു ചുഴലിക്കാററുപോലെ അവർ ശത്രുക്കളെ ചുററിയടിച്ചു. മെതിക്കപ്പെട്ട ഗോതമ്പിൻെറ പൊടിപോലെ അവർ നിലത്തു വീണു. പലായനംചെയ്യുവരെ അവർ കാററിലെ ഉമിത്തരിപോലെ പറത്തിവിട്ടു.

യെമാനിലെ ഭരണത്തലവൻ വധിക്കപ്പെട്ടു. നൗഫാൽ അയാളുടേതിനേക്കാഠം വേഗതയുള്ള കുതിരകളോടിച്ചെത്തുന്ന യോദ്ധാക്കളിൽനിന്നു രക്ഷപെട്ടു. അയാളെ പിന്തുടന്നവരെ തിരിഞ്ഞുനോക്കി പൊട്ടിച്ചിരിച്ചു. എന്നിട്ട് അയാഠം പ്രയാണംചെയ്ത വേഗതയിൽ ആത്മഹത്യയും ചെയ്തു

ബസ്രാ വിജയശ്രീലാളിതമായി. അന്നുരാത്രി

ലൈലയുടെ പിതാവ് അവളെ സലാമിനു നൽകി. സമരത്തിൽ മുറിവേററ ബസറായിലെ വലിയഭരണാധികാരി അന്നു രാത്രിയിൽത്തന്നെ മരണമടഞ്ഞു. അങ്ങനെ ഇബിൻ സംയോജിക്കപ്പെട്ട മൂന്നു രാജ്യങ്ങളിലെ ഭരണാധികാരിയായി. അയാഠം രാജാവായിരുന്നിടത്തു ലൈല റാണിയായി.

* * *

വർഷങ്ങഠം കടന്നുപോയി. ഇബിനും ലൈലയും സമാധാനത്തോടുകൂടി ജീവിച്ചു. അവളുടെ അച്ഛൻെറ അരമനയിലാണവർ താമസിച്ചതു്. ആ രണ്ടു പ്രാവുകളും വാനംപാടിയും അവളുടെ നിത്യചങ്ങാതികളായിരുന്നു. നഷ്ടപ്പെട്ടതും എന്നാൽ ഒരിക്കലും മറക്കപ്പെടാത്തതുമായ ഒരു പ്രേമകഥ അവർ അവളുടെ ഹൃദയത്തിലേക്കു പകൻനുകൊടുത്തിരുന്നു. വിശ്വസ്തനായ സെയ്ദ് അയാളുടെ യജമാനനെത്തേടി മരുഭൂമിയിൽ വളരെക്കാലം അലഞ്ഞുനടന്നു. അയാളിപ്പോഠം ലൈലയുടെ സേവകനാണു്.

ഒരുദിവസം സെയ്ദ് ഒരു വാൎത്ത രഹസ്യമായറിഞ്ഞു. വളരെക്കാലമായി മരണമടഞ്ഞുപോയെന്നു വിശ്വസിക്കപ്പെട്ടിരുന്ന മജ്നു, വിദൂരദേശങ്ങളിൽനിന്നും വരുന്ന ഒരു വ്യാപാരിയുടെ പ്രച്ഛന്നവേഷമണിഞ്ഞെത്തിയിരിക്കുന്നുവെന്നും മരുഭൂമിയുടെ അതിൎത്തിയിൽ, ഒരു പ്രത്യേക സ്ഥലത്തു് അവൻ അയാഠംക്കുവേണ്ടി കാത്തിരിക്കുമെന്നും! സെയ്ദ് അതിനെപ്പററിയൊന്നും അയാളുടെ സ്വാമിനിയോടു പറഞ്ഞില്ല. അവളറിയാതെ പ്രാവുകളിലൊന്നിനെ അയാഠം പിടിച്ചെടുത്തു് മജ്നുവിനെ കാണാൻപോയി. പണ്ടത്തെ സംഭവം

അതേ ഫലത്തോടുകൂടി ആവൎത്തിക്കപ്പെടുമെന്നയാൾക്കറിയാമായിരുന്നു. സൂൎയ്യനസ്തമിക്കാൻ തുടങ്ങിയപ്പോൾ മജ്നുവും സെയ്ദും തമ്മിൽ, മണലാരണ്യത്തിൻെറ അതിൎത്തിയിൽവെച്ചു കണ്ടുമുട്ടി. സ്നേഹംനിറഞ്ഞ കൂടിക്കാഴ്ച!

ആ സായാഹ്നത്തിൽ ലൈല അവളുടെ മാളികമുറിയിൽ പ്രവേശിച്ചപ്പോൾ ഒരു പ്രാവിനെ കണ്ടില്ല. അവൾ അതിശയിച്ചുപോയി. അവൾ മറ്റെ പ്രാവിനെ അകലെയുള്ള മരത്തിലേക്കു പറത്തിവിട്ടു. അവ രണ്ടും ഒന്നിച്ചു പറന്നെത്തുമെന്നവൾ വിചാരിച്ചു. എന്നാൽ അതൊറ്റയ്ക്കാണു വന്നതു്. അവളുടെ വിസ്മയം വൎദ്ധിച്ചു. പോയ കാലത്തെക്കുറിച്ചോൎത്തുകൊണ്ടു് അവൾ ജാലകത്തിനരികിലിരുന്നു. മൂന്നു വൎഷങ്ങൾക്കുമുമ്പു് ഒരിക്കൽ ആ പ്രാവിനെ കാണാതെപോയി. അതു തിരിച്ചുവന്നതു് മജ്നുവിൻെറ പ്രേമസന്ദേശവുംകൊണ്ടാണു്. അവൾ അവനെ കാനനത്തിലുള്ള പ്രേമിക്കപ്പെടുന്നവരുടെ ജലപ്രസരിണിയിൽവച്ചു പലതവണ കണ്ടു. കഷ്ടം! എല്ലാം മാറിപ്പോയിരിക്കുന്നു. മജ്നു മരിച്ചു; അവൾ മറെറാരാളുടെ ഭാൎയ്യയായി. അവളുടെ കണ്ണുകളിൽ ബാഷ്പം പൊടിഞ്ഞു. അവൾ ജന്നൽപ്പടിയിൽവച്ച കൈപ്പത്തികളിൽ മുഖം താങ്ങിപ്പിടിച്ചു, നിശ്ശബ്ദയായി വിലപിച്ചു.

അവളങ്ങനെ ഏറെനേരമിരുന്നു. പെട്ടെന്നൊരു ശബ്ദം കേട്ടു, അവൾ കരച്ചിൽ നിറുത്തി ഞെട്ടിയെഴുന്നേററു. അതു കാണാതെപോയ പക്ഷിയുടെ 'കൂ കൂ കൂ' എന്ന ശബ്ദമായിരുന്നു. ആ വലിയ വൃക്ഷത്തിൽനിന്നാണതുയൎന്നതു്. ഉടൻതന്നെ മറെറ പ്രാവു് അതിൻെറ ഇണയുടെ സമീപത്തേക്കു പറന്നുപോയി. അതിൻെറ ചിറകടിയേറ്റു് അവളുടെ കുറുനിരകൾ ഇളകി. അവൾ

പക്ഷങ്ങൾക്കുവേണ്ടി കൊതിച്ചു. അവൾക്കും അതുപോലെ വിദൂരതയിലേക്കു പറന്നു് പ്രേമഭാജനത്തിൻെറ അടുക്കലെത്താമായിരുന്നു.

അല്പംകഴിഞ്ഞു രണ്ടു പ്രാവുകളും ജനലിന്നരികിൽ പറന്നുകേറി, ചിറകുകൾ കുടഞ്ഞു. എന്നിട്ടവളുടെ അരികിലെത്തി. എന്തൊരതിശയം! വളരെ നാളുകൾക്കു മുമ്പു്, അന്നത്തെ രാത്രിയിൽ കണ്ടതുപോലെതന്നെ മൂദ്ലമായ ഒരു തുകൽക്കഷണം അവയിലൊന്നിൻ്റെ കാലിൽ ചുററിക്കെട്ടിയിരിക്കുന്നു. വിറയ്ക്കുന്ന വിരലുകളോടെ അവൾ അതഴിച്ചെടുത്തു. അതിലെഴുതിയിരുന്നതെല്ലാം വായിച്ചു. അതു മജ്നുവിൽനിന്നാണു്! അയാൾ ജീവിച്ചിരിക്കുന്നു. അയാൾക്കു സുഖമാണു്. പണ്ടത്തേപ്പോലെ, ചന്ദ്രൻ തെളിയുമ്പോൾ പ്രേമബദ്ധരുടെ ജലപ്രസരിണിയിൽ അവൾ ചെല്ലണമെന്നഭ്യർത്ഥിച്ചുകൊണ്ടു് എഴുതിയിരിക്കുന്നു!

അവളുടെ കാമുകൻ ജീവിച്ചിരപ്പുണ്ടെന്നു മാത്രമല്ല, സമീപത്തുതന്നെയുണ്ടെന്നുമറിഞ്ഞ ലൈല ആഹ്ലാദിച്ചു. പെട്ടെന്നുണ്ടായ ആനന്ദംകൊണ്ടു് അവൾ എല്ലാം മറന്നു. ശശിലേഖ ചക്രവാളസീമയിൽ പ്രശോഭിച്ചുനിന്നു. അവൾ എഴുന്നേററു; വേഷങ്ങളണിഞ്ഞു. കൊട്ടാരത്തിൻെറ ഗോവണിപ്പടികൾ ആരുമറിയാതെയിറങ്ങി. ആരും കാണാതെതന്നെ അവൾ പാർശ്വവാതിൽ കടന്നു. എന്നിട്ടു വാതിലടച്ചു. അവളുടെ ഹൃദയം, അവളേക്കാൾ വേഗത്തിൽ മജ്നുവിൻെറ അടുക്കലേക്കു പറന്നു. പെട്ടെന്നവളുടെ ഗതിവേഗം കൂടിയപ്പോൾ ഹൃദയം അതിശക്തിയായി മിടിച്ചുതുടങ്ങി. അതു നിശ്ചലമാകുമെന്നുതോന്നി. അവളുടെ പാദങ്ങൾ ഇടറിപ്പോയി ആലംബത്തിനായി അവൾ ഒരു മരക്കൊമ്പിൽ കടന്നു

പിടിച്ചു. അവളുടെ ഭർത്താവ്! അവളുടെ കർത്തവ്യം! ഒരിക്കലവളെല്ലാം കർത്തവ്യത്തിനുവേണ്ടി കാഴ്ചവെച്ചതാണ്. അതെല്ലാം ഇപ്പോൾ തിരിച്ചെടുക്കുകയാണോ? അതും ഈ രീതിയിൽ? അതിന്റെ അർത്ഥമെന്താണ്? അവളെ മജ്നുവിന്റെ കരങ്ങൾ ചുററിപ്പിടിച്ചിരിക്കുമ്പോൾ അവളെല്ലാം വിസ്മരിക്കുന്നു! ഭർത്താവ്, കർത്തവ്യം, അവളുടെ ജനങ്ങൾ എല്ലാം മറക്കപ്പെട്ടിരിക്കുന്നു! ഒരിക്കൽ മുന്നോട്ടുവച്ച കാൽ പിന്നോട്ടു വയ്ക്കാൻ പാടില്ല! കഷ്ടം! ഇതൊരു ഭാര്യയുടെ പ്രവൃത്തിയല്ല; ഇതൊരു രാജ്ഞിയുടെ പ്രവൃത്തിയല്ല. അവളാ മരച്ചില്ലയിൽ പിടിച്ചുകൊണ്ടു തേങ്ങി. അവളുടെ ശരീരം അവളുടെ ആത്മാവിന്റെ സങ്കടത്തോടൊപ്പം ഇളകി. അവൾ അവളുടെ തീരുമാനം ഉപേക്ഷിച്ചു. സന്താപത്തിന്റേതായ ജീവിതത്തെത്തന്നെ സ്വാഗതം ചെയ്തു.

ലൈല മന്ദം മന്ദം ശക്തി സംഭരിച്ചു. എന്നിട്ടു സ്വപ്നം കണ്ടുണർന്നവളെപ്പോലെ തിരിഞ്ഞുനോക്കി. അവൾ കൊട്ടാരത്തിലേക്കു തിരിച്ചുനടന്നു. നെടുവീർപ്പുകളും തേങ്ങലുകളും അവളിൽനിന്നുയന്നില്ല. ആ രാത്രി അവൾക്കു നിദ്രാവിഹീനമായിരുന്നു. അവൾ അസ്വസ്ഥയായിരുന്നു. അവളുടെ നയനങ്ങൾ വരണ്ടു കണ്ണീർ വന്നുതുടങ്ങിയതു പ്രഭാതത്തിൽ മാത്രമായിരുന്നു.

പ്രേമലീനരുടെ ജലധാരയിൽ മജ്നു വളരെനേരം കാത്തിരുന്നു. ഒടുവിൽ സെയ്ദ് പറഞ്ഞ് അവൻ അറിഞ്ഞു, അയാളുടെ സ്വാമിനി ധൈര്യപ്പെട്ടിറങ്ങിയെന്നും, പിന്നീടു തിരിയെപ്പോയെന്നും. എല്ലാം നഷ്ടപ്പെടുത്താതെ, തന്നെ ഒന്നു കാണുന്നതിനുപോലും സ്വാതന്ത്ര്യം ലഭിക്കാത്ത ആ പ്രേമദേവതയെക്കുറിച്ചുള്ള മധുരസ്മരണകൾ അവൻ ഹൃദയത്തിന്റെ കലവറയിൽ നിധിപോലെ

കാത്തുസൂക്ഷിച്ചുവച്ചു. സെയ്ദ് പറഞ്ഞു് ലൈലയുടെ സ്ഥിതിയെല്ലാം അവനു മനസ്സിലായി. അവൻ തിരിച്ചു പോയി, ലൈല നിഷ്ക്കളങ്കയായും സുശക്തയായും അന്തഃപുരത്തിലേക്കു തിരിച്ചുപോയതുപോലെ. വരാനിരിക്കുന്ന വർഷങ്ങൾ ലൈലയോടുള്ള പ്രേമം മായ്ച്ചുകളയാതെ ദുഃഖത്തിനു ശാന്തി നൽകട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ടു്, വിദൂരനഗരങ്ങളെ ലക്ഷ്യമാക്കി അവൻ യാത്ര പുറപ്പെട്ടു.

രണ്ടുവർഷങ്ങൾ കഴിഞ്ഞുപോയി. വിധി കടന്നു വന്നു. ഇബിൻസലാം ജ്വരം പിടിപെട്ടു മരിച്ചു. ആ വാർത്ത അന്യരാജ്യങ്ങളിലും ചെന്നെത്തി. ഒരു വിദൂരസ്ഥമായ പട്ടണത്തിൽ താമസിച്ചിരുന്ന മജ്നുവും അതറിഞ്ഞു. യെമാനിലെയും ബസറായിലെയും രാജ്ഞി സ്വതന്ത്രയാണു്. അവനെ യെമാനിലേക്കെത്തിച്ച കുതിരകൾ വായുവേഗതയുള്ളവയായിരുന്നു. അവൾ രണ്ടുപ്രാവശ്യം കർത്തവ്യത്തിനുവേണ്ടി ബലികഴിക്കപ്പെട്ടവളാണെന്നവൻ അനുസ്മരിച്ചു. വൈധവ്യദുഃഖത്തിന്റെ നിർദ്ദിഷ്ട കാലാവധി അവസാനിക്കുന്നതുവരെ അവൻ അവളെ സമീപിക്കാതിരിക്കാൻ ശ്രമിച്ചു. നാലര ശുക്ലപക്ഷങ്ങൾ കഴിയണം, അക്കാലമത്രയും ഒരു വീട്ടിൽ അജ്ഞാതനായി, ഏകാകിയായി അവൻ ജീവിച്ചു. ലൈലയുടെ അരമനയിൽനിന്നും വരുന്ന വെളിച്ചം അവനു കാണാം. മജ്നുവിൻെറ അഭിലാഷം ഹൃദയം കാർന്നുതിന്നാൻ തുടങ്ങി. അതു് അവൻെറ പ്രേമോന്മാദത്തേക്കാൾ അസഹനീയമായിരുന്നു. ആദ്യഘട്ടത്തിലെന്നപോലെ അവന്റെ കാര്യബോധം എല്ലാ വേദനകളും സഹിക്കാൻ സഹായിച്ചു. സ്വർഗ്ഗകവാടത്തിലെ വിഷമകരമായ അവന്റെ കാത്തിരിപ്പിലും അതു നിയന്ത്രണം ചെലുത്തി.

സെയ്ദ് ലൈലയെപ്പറ്റിയുള്ള വിവരങ്ങൾ മജ്നു

വിനു നൽകി. എന്നാൽ ലൈലയും മജ്നുവും തമ്മിൽ സന്ദേശങ്ങൾ കൈമാറിയില്ല. വൈധവ്യദുഃഖകാലം അവസാനിച്ചപ്പോൾ സെയ്ദ് ഒരുദിവസം അവളോടു പറഞ്ഞു, മദ്ധ്യാഹ്നത്തിൽ അവളുടെ അന്തഃപുരത്തിൽ മജ്നു വരുമെന്നും, അല്ലെങ്കിൽ അവൾക്കിഷ്ടമാണെങ്കിൽ, പ്രേമിക്കപ്പെട്ടുന്നവരുടെ ജലപ്രസരിണിയിൽ സൂര്യനസ്തമിച്ചു രണ്ടുനാഴിക കഴിഞ്ഞു് അവൻ കാത്തിരിക്കുമെന്നും.

താമസത്തിൻെറ സന്ദേശവുമായാണു് സെയ്ദ് തിരിച്ചുചെന്നതു്.

"മദ്ധ്യാഹ്നം കഴിഞ്ഞുപോയി. എന്നാൽ അതു വീണ്ടും വരും, ഈ വേലിയേററം കഴിഞ്ഞാൽ." അതു് മജ്നുവിന്റെ പ്രതീക്ഷയ്ക്കെതിരായ മറുപടിയായിരുന്നുവെന്നു് പറഞ്ഞുകൂടാ.

ആ നിർഭാഗ്യരായ പ്രണയബദ്ധരുടെ ചരിത്രത്തിന്റെ ഏററവും ദുഃഖാത്മകമായ അദ്ധ്യായം ഇനിയും പറയാം. സൂര്യാസ്തമനത്തിനു രണ്ടുമണിക്കൂർ കഴിഞ്ഞു് മജ്നു ആ സങ്കേതത്തിൽ കാത്തുനിന്നു. ആ സമയം ലൈല പണ്ടത്തേപ്പോലെ അണിഞ്ഞൊരുങ്ങി, കൊട്ടാരത്തിൻെറ പാർശ്വവാതിൽ കടന്നിറങ്ങി. അടച്ചുവയ്ക്കപ്പെട്ട അഗ്നി അവളുടെ കണ്ണുകളിൽ പുകയുന്നുണ്ടായിരുന്നു. ശശിബിംബം ഉദിച്ചില്ല. എങ്കിലും ആരാമത്തിനുമീതെ നക്ഷത്രങ്ങൾ നേരിയ വെളിച്ചം തൂവിനിന്നു. അവൾ മരങ്ങൾക്കിടയിലൂടെ കടന്നുപോയി. ഹൃദയം ശക്തിയായി തുടിച്ചു. ശ്വാസോച്ഛ്വാസം ദ്രുതഗതിയിലായി. അവളുടെ ജീവിതം മുഴുവനും പാദങ്ങളിൽ ചുററിപ്പിണഞ്ഞുകിടക്കുന്നതുപോലെ അവൾക്കു തോന്നി. അവ അന്യോന്യം മത്സരിക്കുകയാണു്. ലൈല മരുഭൂമി

യുടെ വക്കിലെത്തി. അവൾ കൈകൾ മാറോടു ചേർത്തു പിടിച്ചുനിന്നു. അവൾക്കു ശ്വാസം വീണ്ടെടുക്കണം. എന്നിട്ടു വന്നെത്താൻ വളരെ ആയാസപ്പെട്ടില്ലെന്നു മജ്നുവിനെ അറിയിക്കണം. എന്നാൽ ശ്വാസഗതി നേരെയാകുന്നതിനു മുൻപുതന്നെ അവൾ ഓടി. കിതപ്പു കൂടുതലായി. അതാ ആ ജലപ്രസരിണി! പ്രേമിക്കപ്പെടുന്നവർ എപ്പോഴും കണ്ടുമുട്ടുന്ന നീരുറവ! താരാകിരണങ്ങളേറ്റ് അതു വെട്ടിത്തിളങ്ങുന്ന കാഴ്ച, അവൾ മരങ്ങൾക്കിടയിൽക്കൂടി കണ്ടു. അവൾ ആ മൈതാനത്തിൻെറ സീമയിലെത്തി. അവളുടെ കുപ്പായത്തിൻെറ ഞൊറികൾ പൊട്ടിപ്പോയി. ചുരുണ്ടിരുണ്ട തലമുടി കെട്ടഴിഞ്ഞു, വീണു. അവളുടെ മാൎത്തടമുലഞ്ഞു.

ജലപ്രസരിണിയുടെയടുത്തുനിന്നും ഒരു രൂപം മുന്നോട്ടുനീങ്ങി. അവൾ കിതച്ചും വേച്ചും മുന്നോട്ടടുത്തു. മജ്നുവിൻെറ ഗാഢാശ്ലേഷത്തിലമൎന്നപ്പോൾ വിലാപസൂചകമായ ഒരു ഞരക്കം അവളിൽനിന്നുയൎന്നു.

അതൊരു നിമിഷമായിരുന്നോ? അതോ ആയിരം വൎഷങ്ങളായിരുന്നോ? ആൎക്കറിയാം. പ്രേമത്തിനു മാനദണ്ഡങ്ങളില്ലല്ലോ. എന്നാൽ സൂൎയ്യാസ്തമനസമയം അവരുടെ വേഗതയുള്ള പുനൎജ്ജന്മമായിരുന്നു. അവളുടെ ചുണ്ടുകൾ അവനെ സ്പൎശിച്ചപ്പോൾ അവന്റെ പ്രജ്ഞ അപഹരിക്കപ്പെട്ടുപോയി. അവന്റെ അധരങ്ങൾ അവളെ തൊട്ടപ്പോൾ, അവൾ അവൻെറ കൈകളിൽ ബോധം കെട്ടുവീണു. അവൻ അവളെ നിലത്തിട്ടു. ഉറക്കെ നിലവിളിച്ചുകൊണ്ടവൻ വനത്തിൽനിന്ന് മണലാരണ്യത്തിലേക്കോടി. അവൻ അവളുടെ നാമം വളരെ ഉച്ചത്തിൽ ആ മണൽപ്പരപ്പിൻെറ വിദൂരതയിലേയ്ക്കു് വിളിച്ചുപറഞ്ഞു: "ലൈല, ലൈല, ലൈല." ആ ഉന്മാദാത്മകമായ

വിളി, അവൻ പ്രതീക്ഷാരഹിതമായ ആ മണൽക്കാടിൻെറ നിശ്ശൂന്യതയിൽ തളൎന്നുവീഴുന്നതുവരെ മാററൊലിക്കൊണ്ടിരുന്നു. ശബ്ദംകേട്ട് പിൻതുടൎന്ന സെയ്ദ്, മജ്നുവിനെ കണ്ടുപിടിച്ചു. പല ദിവസങ്ങൾ രാവും പകലും അയാൾ യജമാനനെ പരിചരിച്ചു. എന്നാൽ എല്ലാം വിഫലമായി. സങ്കടത്തിനു ചെയ്യാൻ കഴിയാത്തതു സന്തോഷം അവനു നൽകി. മജ്നുവിനു യാഥാൎത്ഥമായ ഭ്രാന്താണു പിടിപെട്ടതു്.

ലൈല മോഹാലസ്യത്തിൽ നിന്നുണൎന്നു. അവളുടെ നാമധേയം വീണ്ടും വീണ്ടും വിളിച്ചുപറയുന്നതാണവൾ കേട്ടതു്. പരുഷമായ ആ നിലവിളി മണലാരണ്യത്തിന്റെ അപ്പുറത്തുനിന്നു്, അതിലുമപ്പുറത്തുനിന്നു് ഇടതടവില്ലാതെയുയരുന്നു. അവൾ പരിസരങ്ങളെ കുറിച്ചോൎത്തു തുടങ്ങി. പെട്ടെന്നവൾ കരങ്ങൾ ഞെരിച്ചുപിരിച്ചുകൊണ്ടു് കൊട്ടാരത്തിലേക്കു മടങ്ങിപ്പോയി.

യഥാസമയം, സെയ്ദ് മജ്നുവിന്റെ വിവരങ്ങൾ അവൻെറ അനശ്വരപ്രേമത്തിൻെറ അവകാശിനിയെ അറിയിച്ചിരുന്നു. ഭ്രാന്തിനുപോലും മജ്നുവിന്റെ പ്രേമം തകൎക്കാൻ കഴിഞ്ഞില്ല.

ദിവസങ്ങൾ കഴിഞ്ഞപ്പോൾ, വാരങ്ങൾ കടന്നുപോയപ്പോൾ, ലൈലയുടെ കണ്ണുകൾക്കു പ്രകാശം കുറഞ്ഞുവന്നു. അവളുടെ കപോലങ്ങൾക്കു വിളൎച്ചയും. ക്രമേണ അവൾ വാടിയുണങ്ങി. ഹൃദയം തകൎന്നു് അവൾ മരിച്ചു. അവളുടെ അന്ത്യവാക്കുകൾ മജ്നുവിനുള്ള സന്ദേശമായിരുന്നു. മനോഹരമായിരുന്നെങ്കിലും മനോവേദന നിറഞ്ഞ ഒരു കളിമൺവീട്ടിൽ നരകിച്ചുകഴിഞ്ഞു്, അവസാനം വെളിയിലേക്കിറങ്ങി രക്ഷനേ

ടിയ ഒരു പ്രേമഗായികയുടെ, ലൈലയുടെ, അന്ത്യമൊഴി കളായിരുന്നു അവ.

"അദ്ദേഹത്തോടു പറയൂ," അവൾ കണ്ഠമിടറി പറഞ്ഞു, "അദ്ദേഹമെന്നെ കെട്ടിപ്പുണർന്ന ആ ജലപ്രസരിണിക്കു സമീപം എന്റെ മൃതശരീരം സംസ്കരിക്കണമെന്ന്." അദ്ദേഹത്തിനെ ഈ വാക്യങ്ങളും അറിയിക്കണം: "മജ്നു! അങ്ങയുടെ കണ്ണുകൾ ഉയർത്തി മേല്പോട്ടു നോക്കൂ! അതാ! അങ്ങകലെ വെളിച്ചത്തിന്റെ ഒരു വലയം കാണുന്നില്ലേ? ഒരു ജലപ്രസരിണി സൂര്യോദയത്തിൽ തിളങ്ങുന്നു. അലൗകികമായ ജലം പൊഴിയുന്ന കൊച്ചരുവി! അവിടെ പ്രേമഹൃദയങ്ങൾ കണ്ടുമുട്ടുന്നു, ഒരിക്കലും വേർപിരിയാതിരിക്കുവാൻവേണ്ടി. അങ്ങേയ്ക്ക് എന്നെ അവിടെ കാണാൻ കഴിയും."

അവൾ മരിച്ചു. അവളുടെ ആത്മാവ് പ്രേമഹൃദയങ്ങൾ സമ്മേളിക്കുന്ന അനശ്വരമായ ജലപ്രസരിണിയിലേക്കു പറന്നുപോയി.

പുലരി മരുഭൂമിയിൽ പൊട്ടിച്ചിരിച്ചു. രണ്ടു രൂപങ്ങൾ ഓടിവരുന്നു! അവർ അന്യോന്യം കെട്ടിപ്പിടിച്ചിരിക്കുകയാണ്. അതിലൊരുവന്റെ മുഖം അവൻ പ്രണയംകൊണ്ട് എത്രമാത്രം ഭ്രാന്തനായെന്നു വിളിച്ചറിയിച്ചിരുന്നു.

മജ്നുവും സെയ്ദുമാണു വരുന്നത്. മജ്നു സെയ്ദിന്റെ പിടിവിട്ടു കാട്ടിലേക്കു പാഞ്ഞു.

അയാൾ കൂടെ ഓടി. മജ്നു, പ്രിയകരമായ ജലധാര കേളിയാടുന്ന മൈതാനസ്ഥലിയിലേക്ക് അതിവേഗം ഓടിപ്പോയി. അവനാദ്യമായി ലൈലയെ കെട്ടിപ്പിടിച്ച ആ സ്ഥലം അവനു നല്ലപോലെ അറിയാമായിരുന്നു.

അവിടെ ഒരു പുതിയ ശവകുടീരം ഉയൎന്നിരിക്കുന്നു! ഓട്ടംകൊണ്ടല്ല, പ്രേമംകൊണ്ടും ഉന്മാദപാരമ്യംകൊണ്ടും പരിക്ഷീണനായ മജ്നു അതിലേക്കു വീണുപോയി.

"ലൈലാ! ലൈലാ!" അവൻ ഹൃദയം പൊട്ടുന്ന ശബ്ദത്തിൽ കരഞ്ഞു. "ഞാൻ ഇതാ വരുന്നു. അതിവേഗത്തിൽ ഇതാ നിൻെറ കാമുകൻ വരുന്നു. അന്ധകാരത്തിൻെറ മൂടുപടവുമണിഞ്ഞു, നീ കാത്തിരിക്കണം. വെളിച്ചത്തിൻെറ സാമ്രാജ്യത്തിൽ ഒരു തമോവലയത്തിനുള്ളിൽ നീ മറഞ്ഞിരിക്കണം, ഞാൻ നിന്നെ കണ്ടുപിടിക്കുന്നതുവരെ."

പകലോൻ ഉദിച്ചുപൊങ്ങിയപ്പോൾ സെയ്ദ് ആ അസ്ഥിമാടത്തിനടുത്തുചെന്നു. കണ്ണീരൊഴുക്കിക്കൊണ്ടു് അയാൾ യജമാനനെ നോക്കിനിന്നു. അതിൽ കൂടുതൽ കണ്ണുനീർ ചൊരിഞ്ഞശേഷം, മരണത്തിൻെറ മടിത്തട്ടിൽ തളൎന്നുവീണുറങ്ങുന്ന ആ പ്രേമഗായകനു് അയാൾ അന്തിമാഭിവാദനങ്ങൾ നല്കി.

ആ കഥ അവസാനിച്ചു. അതു പാടിത്തീൎന്നപ്പോൾ ആ കവിയും കരഞ്ഞുപോയി.

★

[illegible] is a good story. My Book

This is a good story My Book

The good story My Book

3978

[illegible] a Good Book for Children

This is a good book for a [illegible]